# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15 No.8 കാർത്തികപ്പള്ളി R.No. 7361/02 2015 AUGUST

e-paper : vedabhimani


## ഭൂമിയിലൊരു ബഹിരാകാശ പേടകം

അമേരിക്കൻ സയൻസ് ഫിക്ഷൻ സ്റ്റാർ ട്രെക്ക് ഷിപ്പ് കഥകളിൽ ഭ്രമിച്ച ചൈനീസ് കോടീശ്വരൻ തന്റെ പുതിയ ഓഫീസിന്റെ ആസ്ഥാനമന്ദിരം നിർമിച്ചത് ബഹിരാകാശ പേടകത്തിന്റെ മാതൃകയിൽ. അതും 10 കോടി പൗണ്ട് (ഏതാണ്ട് 1000 കോടി രൂപ) ചെലവഴിച്ച്. 2008-ൽ തുടങ്ങിയ നിർമാണം ഇപ്പോഴാണു പൂർത്തിയായത്. ചൈനയിലെ ഏറ്റവും മുന്നിലുള്ള മൊബൈൽ ഇന്റർനെറ്റ് ദാതാക്കളായ നെറ്റ്ഡ്രാഗൺ കമ്പനിയുടെ ചെയർമാൻ ലിയു ഡേജെയ്ൻ ആണ് സ്റ്റാർഷിപ്പ് ട്രക്കിന്റെ മാതൃക ഫ്യൂജിയാൻ പ്രവിശ്യയിൽ നിർമിച്ചത്. അമേരിക്കയിലെ കാൻസാസ് സർവകലാശാലയിൽ പഠിക്കുമ്പോൾ സ്റ്റാർ ട്രെക്ക് കഥകളിൽ തോന്നിയ അഭിനിവേശമാണ് ലിയൂ തന്റെ ഓഫീസിന് ബഹിരാകാശ പേടകത്തിന്റെ രൂപം നൽകുന്നതിലേക്കു നയിച്ചത്.




## മേൽക്കൂരയിലെ ആടുകൾ

മേൽക്കൂരയിൽ ഒരു പച്ചപ്പുൽമേട; അവിടെ ജീവനുള്ള ആടുകൾ മേഞ്ഞുനടക്കുന്നു. ആളുകളെ ആകർഷിക്കാൻ സ്വീഡനിലെ ആൽജോൺസൺ എന്ന ഹോട്ടലുടമ നടത്തിയ ഈ പരീക്ഷണം ശരിക്കും ഏറ്റു. ഇപ്പോൾ അദ്ദേഹത്തിന്റെ ഹോട്ടലിൽ വലിയ തിരക്കാണ്. ആദ്യമൊക്കെ ആളുകൾ മേൽക്കൂരയിലെ ആടുകളെ കാണാനുള്ള കൗതുകം കൊണ്ടാണ് ഹോട്ടലിൽ കയറിയത്. വന്നവർക്കെല്ലാം മികച്ച ഭക്ഷണം ഒരുക്കിക്കൊടുക്കുകയും ചെയ്തതോടെ ഹോട്ടൽ വൻവിജയമായി.



## അതിമാനുഷർ വരുന്നു...

അടുത്ത തലമുറ മനുഷ്യർക്കായുള്ള ശ്രമം ഗവേഷണശാലയിൽ വിജയമായി. കേംബ്രിഡ്ജിലെ ഹാർവാർഡ് മെഡിക്കൽ സ്കൂളിലെ ഗവേഷകരുടെ നേതൃത്വത്തിലാണു ഡിസൈനർ ഭ്രൂണം യാഥാർത്ഥ്യമാക്കിയത്. ക്രിസ്പർ ജീൻ എഡിറ്റിങ് സാങ്കേതികവിദ്യയാണ് ഇവർ അതിമാനുഷരെ രൂപപ്പെടുത്താൻ ഉപയോഗിക്കുന്നത്.



മനുഷ്യഭ്രൂണത്തിലെ ഡി.എൻ.എകളിൽ മാറ്റം വരുത്തിയാണു പുതുതലമുറ മനുഷ്യരെ സൃഷ്ടിക്കുന്നത്. പാരമ്പര്യരോഗസാധ്യത പൂർണമായി ഇല്ലാതാക്കാൻ പുതിയ സാങ്കേതികവിദ്യയിലൂടെ കഴിയുമെന്നാണു പ്രധാന അവകാശവാദം. ലുഹാൻ യാങ്ങിന്റെ നേതൃത്വത്തിലാണു ഗവേഷണം നടന്നത്. ഇഷ്ടമുള്ള ആകൃതിയും നിറവും നൽകാൻ ക്രിസ്പർ ജീൻ എഡിറ്റിങ്ങിലൂടെ കഴിയും. ബുദ്ധിയേറിയ മനുഷ്യരെ സൃഷ്ടിക്കാനും ഈ സാങ്കേതികവിദ്യയ്ക്കു കഴിയും. എന്നാൽ ജനിതക മാറ്റം വരുത്തിയ മനുഷ്യരെന്ന ആശയത്തിനെതിരെ വൻപ്രതിഷേധം ഉയരുന്നുണ്ട്.

## രുചി പകരും റോബോട്ട്

രുചിയറിഞ്ഞ് പാചകം ചെയ്യുവാൻ യന്ത്രങ്ങൾക്ക് കഴിയുമോ? കഴിയും! ഇതാ രുചിയുടെ രഹസ്യങ്ങൾ മനസ്സിലാക്കി പാചകം ചെയ്യുന്ന റോബോട്ട്. ജപ്പാനിലെ ടോയോ റിക്കി കമ്പനിയാണ് 'മോട്ടോമാൻ' എന്ന ഈ റോബോട്ട് രൂപകല്പന ചെയ്തത്. ജപ്പാനിലേയും ചൈനയിലേയും ചില ഹോട്ടലുകളിൽ ഇപ്പോൾ മോട്ടോമാന്റെ വകയാണ് പാചകം.



## ക്ഷമാശീലൻ



ടോക്കിയോയിൽ നിന്നാണ് ഈ കാഴ്ച. ലോകത്തിലെ ഏറ്റവും ക്ഷമാശീലനായ ഒരാളായിട്ടാണ് ഇദ്ദേഹത്തെ ആളുകൾ വിശേഷിപ്പിക്കുന്നത്. ദിവസവും ഇദ്ദേഹം താൻ വളർത്തുന്ന ആമയുമായി പതുക്കെ നടക്കാനിറങ്ങും. മണിക്കൂറുകൾ കഴിഞ്ഞാണ് ഇയാൾ നടത്തം കഴിഞ്ഞ് വീടെത്തുക.

## ട്രെൻഡി ഡാം ഫുഡ്!

ചോറുകൊണ്ട് ഡാം കെട്ടി കറികൊണ്ട് തടാകമുണ്ടാക്കി വച്ചിരിക്കുന്നത് നോക്കൂ. ഇതാണ്



ജപ്പാനിൽ പോപ്പുലറായ ഡാം കറിറൈസ്. ജാപ്പനീസ് ഭക്ഷണപ്രേമികളുടെ പുതിയ ട്രെൻഡാണ് ഈ രസികൻ വിഭവം!


**വേദാഭിമാനി**
വായിക്കുക – പ്രതികരിക്കുക

ടൈറ്റസ് കാർത്തികപ്പള്ളി
കേരള-690516
✆ 9847232598
✆ 9847990939
vedabhimani@gmail.com


## മിറക്കിൾ ഗാർഡൻ

മരുഭൂമിയിലെ ഒരു പൂങ്കാവനമാണ് ഇതെന്നുപറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? അതെ അറേബ്യൻ നാടായ ദുബായിലെ അൽ ബർഷയിലുള്ള മിറക്കിൾ ഗാർഡൻ എന്നറിയപ്പെടുന്ന ഈ ഉദ്യാനം ശരിക്കും ഒരത്ഭുതം തന്നെ! നമ്മുടെ നാട്ടിലെ അത്രയൊന്നും മഴയില്ലാത്ത, വെള്ളത്തിന് വളരെയധികം ക്ഷാമമുള്ള നാട്ടിലാണ് 72,000 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഇങ്ങനെയൊരു ഉദ്യാനം വളർത്തിയെടുത്തത്. ഓരോ സീസണിലും പുതുതായി കാഴ്ചക്കാരെ ആകർഷിക്കാനുള്ള പുഷ്പവിസ്മയങ്ങൾ ഇതിന്റെ അധികൃതർ ഒരുക്കുന്നുണ്ട്. ലോകത്തിലെതന്നെ വലിയ ഉദ്യാനങ്ങളിലൊന്നാണിത്.



'ഞാൻ മരിച്ചാൽ മക്കളെന്താകും കുടുംബമെന്താകും' എന്നൊക്കെയാണ് നമ്മൾ ചിന്തിക്കാറുള്ളത്. 'ഞാൻ മരിച്ചാൽ ഞാൻ എന്താകും' എന്ന് ചിന്തിക്കുമ്പോൾ മുതൽ ജീവിതം നന്നായിത്തീരും.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.50 \| മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |



# പൊതുവകയിൽ മതത്തിന്റെ കയ്യേറ്റം

പുരാതന ഗ്രീസിലെ മഹാപണ്ഡിതനും ചിന്തകനുമായിരുന്ന അരിസ്റ്റോട്ടിൽ പറഞ്ഞു, "മനുഷ്യൻ ജന്മനാതന്നെ ഒരു രാഷ്ട്രീയ ജന്തു" വാണെന്ന്. നാം പലപ്പോഴും കേൾക്കുന്നതാണ് ഈ ഉദ്ധരണി. രണ്ടായിരത്തിമുന്നൂറ് വർഷങ്ങൾക്കുമുമ്പ് അരിസ്റ്റോട്ടിൽ തന്റെ പൊളിറ്റിക്സ് എന്ന പുസ്തകത്തിൽ എഴുതിയ ഈ വാക്യം അതിന്റെ പശ്ചാത്തലമറിയാതെ പലരും പല വിധത്തിൽ വ്യാഖ്യാനിക്കുന്നുണ്ട്.

മനുഷ്യനെ രാഷ്ട്രീയജീവി എന്നു വിളിക്കുമ്പോൾ നാനാർഥങ്ങളാണ് അരിസ്റ്റോട്ടിൽ രാഷ്ട്രീയത്തിനു നൽകുന്നത്. മനുഷ്യൻ ജന്മനാതന്നെ സമൂഹജീവിയാണ് എന്നാണതിന്റെ പ്രാഥമികാർഥം. തേനീച്ചകളും മറ്റെല്ലാ ജീവികളും അങ്ങനെതന്നെയാണെന്നു പറയുമ്പോൾ, മനുഷ്യന്റെ സവിശേഷതകളെ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. മനുഷ്യനു സംസാരശേഷി (യുക്തിചിന്ത)യുണ്ട്. നന്മതിന്മകളെ വിവേചിക്കാനുള്ള അറിവുണ്ട്. ഇതര ജന്തുക്കൾക്കില്ലാത്ത ഈ വിശേഷ സിദ്ധികളുടെ ബലത്തിലാണ് മനുഷ്യൻ രാഷ്ട്രനിർമ്മാണം നടത്തുന്നത്.

പൗരന്മാരുടെ ഏറ്റവും വലിയ പൊതുനന്മയാണ് രാഷ്ട്രത്തിന്റെ അഥവാ രാഷ്ട്രീയത്തിന്റെ ലക്ഷ്യം. മറ്റു ജീവികൾക്കെല്ലാം സഹജമായ കൂട്ടാളിത്തത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കാമെന്നല്ലാതെ, മനുഷ്യനെപ്പോലെ ചിന്തിച്ച്, യുക്തിപൂർവം സഹകരിച്ച് പുതുതായി ഒന്നും സൃഷ്ടിക്കാനാവില്ല.



അപ്പോൾ രാഷ്ട്രീയജീവികൾ എന്നുപറഞ്ഞാൽ, സർക്കാരിന്റേതുപോലെ ഭരണം നടത്തുന്നവർ എന്നുമാത്രമല്ല, മനുഷ്യജീവിതത്തിന്റെ നാനാവശങ്ങളെയും സ്പർശിക്കുന്ന പൊതുസമൂഹം സൃഷ്ടിക്കുന്നവർ എന്നാണ് അർഥം. ഈ പൊതുസമൂഹസൃഷ്ടിയിൽനിന്ന് വിട്ടുനിൽക്കുന്നവർ കൂട്ടം തെറ്റിയലയുന്ന പക്ഷികളെപ്പോലെയാണെന്നും അരിസ്റ്റോട്ടിൽ പറയുന്നു.

പൗരന്മാരാണ് ഈ സമൂഹത്തിന്റെ സൃഷ്ടാക്കൾ. അവരുടെ കൂട്ടായ പ്രവർത്തനമാണത്. നമ്മുടെ പൊളിറ്റീഷ്യനും പോലീസുകാരനും അവരുടെ ആജ്ഞാനുവർത്തികൾമാത്രം. പൊതുസമൂഹം, പൊതുവക, കോമൺവെൽത്ത്, കോമൺ ഗുഡ്, കോമൺ വീൽ എന്നീ വാക്കുകൾ സൂചിപ്പിക്കുന്ന ആശയം പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും കാലം മുതൽ ഇന്നുവരെയും പാശ്ചാത്യ സമൂഹങ്ങളുടെ ജീവിതത്തെ നിരന്തരം ചലനാത്മകമാക്കിക്കൊണ്ടിരിക്കുന്ന ഒന്നാണ്. രാഷ്ട്രീയം എന്ന വാക്കുതന്നെ മലയാളത്തിൽ നമ്മെ വഴി തെറ്റിക്കാനിടയുണ്ട്. കാരണം കക്ഷിരാഷ്ട്രീയത്തിന്റെ പിടിവലികൾക്കപ്പുറത്തേക്ക് ആ വാക്ക് നമ്മെ നയിക്കാറില്ല. ഹിന്ദിയിൽ ദേശീയം എന്നാണ് ഈ വാക്കിന് അർഥമെങ്കിലും, ദേശീയതയെ വെറും കക്ഷിരാഷ്ട്രീയമാക്കുന്ന കാഴ്ചയും നാം കാണുന്നുണ്ടല്ലോ.

ഗ്രീക്ക് ഭാഷയിൽ നഗരം, പട്ടണം എന്നതൊക്കെ കുറിക്കുന്ന വാക്കാണ് പോലീസ്. നമ്മുടെ ആധുനിക പോലീസുകാരനും പൊളിറ്റീഷ്യനും മെത്രാപ്പോലീത്തനും ഒക്കെ ഈ വാക്കിൽനിന്നു വരുന്നു. അരിസ്റ്റോട്ടിലിന്റെയും മറ്റും ചിന്തയിൽ ആഥൻസ് പോലെയൊരു നഗരം ഒരു രാഷ്ട്രമാണ്. ആ നഗരത്തിൽ വസിക്കുന്ന ഗ്രീക്കുകാരാണ് അതിലെ പൗരന്മാർ. അവർ ഒരുമിച്ചു വന്ന് നഗരത്തിന്റെ പൊതുവായ കാര്യങ്ങളും ഭരണവും നടത്തുന്ന വ്യവസ്ഥയാണ് പൊളിറ്റിക്സ്. ഇത് ജനങ്ങളുടെ ഭരണമായതുകൊണ്ട് അതിന് ഡിമോക്രസി (ഡിമോസ്-ജനം, ക്രാറ്റിയ-ഭരണം) എന്ന പേരും വീണു.

അരിസ്റ്റോട്ടിൽ രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞതുമായി ഭാരതീയരായ നമുക്കെന്തു ബന്ധം എന്നു ചോദിക്കുന്നവരുണ്ടാകാം. ഉത്തരം വളരെ ലളിതമാണ്. നാം അഭിമാനം കൊള്ളുന്ന നമ്മുടെ ഇപ്പോഴത്തെ ജനാധിപത്യ വ്യവസ്ഥ ബ്രിട്ടീഷ് പാർലമെന്ററി വ്യവസ്ഥയിൽനിന്നു നാം സ്വീകരിച്ചതാണല്ലോ. ബ്രിട്ടീഷുകാരുടെ ജനാധിപത്യരാഷ്ട്രീയത്തിന്റെ വേരുകൾ ഗ്രീക്ക് ഡിമോക്രസിയിലേക്കും നീളുന്നു. റിപ്പബ്ലിക് എന്ന വാക്കിനുതന്നെ ലത്തീൻ ഭാഷയിൽ പൊതുവക എന്നാണർഥം. നമ്മുടെ ഈ പൊതുവകയിലാണ് മതത്തിന്റെ കയ്യേറ്റം നടന്നുകൊണ്ടിരിക്കുന്നത്. കേന്ദ്രം ഭരിക്കുന്ന പാർട്ടിയുടെ അനുഗ്രഹാശിസുകളോടെയാണ് ഈ സാംസ്കാരിക തീവ്രവാദം മുന്നേറുന്നത്. അവരുടെ സഹോദര സംഘടനകളും തീപ്പൊരി പ്രസംഗകരും പ്രചരിപ്പിച്ചുകൊണ്ടുനടക്കുന്നത് അതാണ്. ഹൈന്ദവികതയെ അവർക്കു തോന്നിയതുപോലെ വ്യാഖ്യാനിച്ച് അതെല്ലാവരെയും അടിച്ചേൽപ്പിക്കുക. ഒരുവൻ എന്തു വിശ്വസിക്കണം, പഠിക്കണം, ഉടുക്കണം, ഭക്ഷിക്കണം, എങ്ങനെ ചിന്തിക്കണം, ജീവിക്കണം എന്നെല്ലാം നിശ്ചയിക്കുന്നത് അവർ. ഇതു സാംസ്കാരിക തീവ്രവാദമല്ലാതെ മറ്റെന്താണ്?

ഇതു രാജ്യത്തിന്റെ സാമൂഹിക വ്യവസ്ഥിതിയെ മാത്രമല്ല, സാംസ്കാരിക മൂല്യങ്ങളെയും പൈതൃകങ്ങളെയും തുടച്ചുനീക്കും. കാരണം, കൾച്ചറൽ ഫാസിസം എവിടെയുണ്ടോ അവിടെ കൗണ്ടർകൾച്ചർ ശക്തിപ്രാപിക്കും. പാശ്ചാത്യലോകത്ത് ഒരു കാലത്തു സംഭവിച്ചതുപോലെ രാഷ്ട്രീയ അധികാരത്തിനു മതത്തെ ദുരുപയോഗിച്ചാൽ പ്രതിലോമ സംസ്കാരത്തിന്റെ പിടിയിലായിരിക്കും സമൂഹം ചെന്നുപെടുക.

എന്താണു ഹൈന്ദവികത? ഹൈന്ദവികതയെ രാഷ്ട്രീയമായി ദുരുപയോഗിക്കാൻ മതശക്തികൾക്ക് എന്തവകാശമാണുള്ളത്? തങ്ങളുടെ മൂശയിലുണ്ടാക്കിയ ഹൈന്ദവികത അധികാരം ഉപയോഗിച്ച് അടിച്ചേൽപ്പിക്കാൻ എന്ത് അപ്രമാദിത്തമാണുള്ളത്? മതവിശ്വാസം, വർഗം, ജാതി, ഭാഷ, ജീവിതശൈലി എന്നിങ്ങനെയുള്ള വൈവിധ്യങ്ങളെ സ്വദേശീയമെന്നും വൈദേശികമെന്നും തരംതിരിച്ച് ഒരു കൂട്ടരെ ജാരസന്തതികൾ എന്നും മറ്റും വിളിച്ചാക്ഷേപിക്കുന്നതു ചരിത്രവിഡ്ഢിത്തമല്ലാതെ മറ്റെന്താണ്?

യഥാർഥത്തിൽ കഴിഞ്ഞ മൂവായിരം വർഷങ്ങളായി ആചാരാനുഷ്ഠാനങ്ങളിലൂടെയും ഭാഷയിലൂടെയും വൈദേശികമായ ആര്യനിസവും ബ്രാഹ്മണിസവും സർവണ മേധാവിത്വവും ഇന്ത്യൻ മണ്ണിന്റെ യഥാർഥ അവകാശികളായ ആദിവംശജരിൽ അടിച്ചേൽപ്പിക്കുകയായിരുന്നു. ഇന്നു അതുതന്നെ രാഷ്ട്രീയ അധികാരത്തിലൂടെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു. വോട്ടിനുവേണ്ടി മാത്രം ആദിവാസികളെയും ദളിതരെയും ഹരിജനങ്ങളെയും കൂടെനിർത്തുന്നുവെന്നു മാത്രം. പണ്ടു മതകാര്യങ്ങൾ പറഞ്ഞ് അവരെ പേടിപ്പിച്ചും വിധേയപ്പെടുത്തിയുമാണ് അധികാരം ആസ്വദിച്ചത്. ഇനിയും ചരിത്രത്തിലൂടെ പിറകോട്ടു നടന്നാൽ ദ്രാവിഡ വംശജരുപോലും വിദേശത്തു നിന്നു കുടിയേറിപ്പാർത്തവരാണെന്നാണു ചരിത്രകാരന്മാർ പറയുന്നത്. അവരുടെ വരവിനും മുമ്പ് കോൾ-മുണ്ടാ, ഖാസി എന്നിങ്ങനെയുള്ള ആദിവാസി ഗോത്രവർഗങ്ങളായിരുന്നു ഇന്ത്യൻ മണ്ണിന്റെ മക്കൾ.

ഇന്നത്തെ ഇന്ത്യക്കാരിൽ 92 ശതമാനം പേരും കഴിഞ്ഞ പതിനായിരം വർഷക്കാലത്തിനിടയിൽ പലപ്പോഴായി ഇന്ത്യയിൽ കുടിയേറിപ്പാർത്തവരുടെ പിൻതലമുറക്കാരാണെന്നാണ് ചരിത്രകാരന്മാർ ആധികാരികമായി സമർഥിക്കുന്നത്. ഭീൽവംശവുമായി ബന്ധപ്പെട്ട നന്ദാബായി കേസിൽ 2011-ൽ ജസ്റ്റീസ് കട്ജുവും മിശ്രയുമുൾപ്പെട്ട സുപ്രീംകോടതി ബഞ്ചിന്റെ വിധിപ്രസ്താവനയിൽ ഈ ചരിത്രവസ്തുതകൾ വളരെ വിശദമായി വിവരിക്കുന്നുണ്ട്.

അപ്പോൾ ആരാണു സ്വദേശികൾ, ആരാണു വിദേശികൾ? ആര് ആരെയാണ് ജാരസന്തതികൾ എന്നു വിളിക്കേണ്ടത്? ഓരോരുത്തരും അവരവരുടെ അവകാശം സ്ഥാപിക്കാൻ ചരിത്രത്തിന്റെ എവിടംവരെ പുറകോട്ടു പോകണം? പുറകോട്ടു പോയാൽ എല്ലാവരും പുറത്തുപോകണം, അതുകൊണ്ട്, ചരിത്രത്തിന് അടിമയാവുകയല്ല, അതിനെ അതിജീവിക്കുകയാണു മനുഷ്യൻ ചെയ്യേണ്ടത്.

ചരിത്രത്തിന്റെ ഗതിവിഗതികളിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പ്രബലമായ ഹൈന്ദവികതയെ ഒരു മതമായിട്ടല്ല, പിന്നെയോ അനേകവംശ, വിശ്വാസ, ആചാര, ഭാഷാ, ജീവിത ശൈലികളുടെ കൂടിച്ചേരലിലൂടെ ഉണ്ടായ ഒരു സംസ്കാരമായിട്ടാണു കാണേണ്ടത്. ഈ വൈവിധ്യമാണ് അതിനെ അതാക്കിത്തീർക്കുന്നത്.

ഈ സംസ്കാരം രൂപപ്പെടുന്നതിലേക്ക് ഇന്ത്യൻ മണ്ണിലെ ആദിവംശജരും പിന്നീടു പല കാലങ്ങളിലായി കുടിയേറിപ്പാർത്ത വിവിധ വംശജരും തങ്ങളുടെതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഈ വൈവിധ്യത്തിലെ ഏതെങ്കിലും ഒന്നിനെ ഉയർത്തിക്കാട്ടി ഇതാണ്, ഇതു മാത്രമാണു ഹൈന്ദവികത എന്നു പറയുകയും അതടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതുമാണു സാംസ്കാരിക തീവ്രവാദം, കൾച്ചറൽ ഫാസിസം.

ഇങ്ങനെയുള്ള ഛിദ്രശക്തികളെയും ആശയങ്ങളെയും വളർത്തുന്നതാണ് ഇന്ത്യയെ അസ്ഥിരപ്പെടുത്താനും അവികസിതമായി നിലനിർത്താനും ഏറ്റവും നല്ല മാർഗമെന്നു ലോകത്തിലെ വൻശക്തികൾക്കറിയാം. ആഫ്രിക്കൻ രാജ്യങ്ങളിൽ അവർ അതു പരീക്ഷിച്ചു വിജയിച്ചിട്ടുമുണ്ട്. അതുകൊണ്ടാണല്ലോ ആഫ്രിക്ക പ്രകൃതിവിഭവ സമ്പന്നമായിട്ടും വംശീയ കലാപവും പട്ടിണിയുമായി ഇന്നും തുടരുന്നത്. ഇന്ത്യയെയും ആ ചതിക്കുഴിയിൽ വീഴ്ത്താൻ സംസ്കാരിക തീവ്രവാദത്തിലൂടെ കഴിയും. അതുവഴി ഇന്ത്യയുടെ രാഷ്ട്രീയ അസ്തിത്വത്തിന്റെ അടിത്തറയിളക്കാം. ഒപ്പം പ്രതിലോമ സംസ്കാരം തലയ്ക്കുപിടിച്ച തലമുറയെക്കൊണ്ടു സാംസ്കാരിക മൂല്യങ്ങളും തകർക്കാം. പൊതുവകയിൽ മതത്തിന്റെ കയ്യേറ്റം നടത്തുന്നവർ കാലത്തിന്റെ ചുവരെഴുത്തു കാണാതെ പോകരുത് എന്നു മാത്രമേ വേദാഭിമാനിക്കു പറയാനുള്ളൂ. ○




## പറയുക - പഠിപ്പിക്കുക - പരിശീലിപ്പിക്കുക

കുട്ടികളിൽ ധാർമിക മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും തുല്യപങ്കുണ്ട്. അധ്യാപകരുടെ ഭാഗത്തുനിന്ന് ഇക്കാര്യത്തിലുണ്ടാകുന്ന പോരായ്മ പരിഹരിക്കാൻ രക്ഷിതാക്കൾ ജാഗ്രത പുലർത്തണം. ഇക്കാര്യത്തിൽ വീട്ടിൽനിന്നുള്ള ശ്രദ്ധക്കുറവ് നികത്താൻ അധ്യാപകർക്കു സാധിക്കും. സ്നേഹം, ദയ, സത്യസന്ധത, പങ്കുവയ്ക്കൽ തുടങ്ങിയവ ശീലമാക്കാനുള്ള മനോഭാവം ചെറുപ്പം മുതൽക്കേ വളർത്തിയെടുക്കണം.

## സത്യസന്ധതയ്ക്കു മുൻഗണന

കള്ളം പറയുന്ന ശീലം കുട്ടികളിൽ ഇല്ലെന്നു ഉറപ്പാക്കണം. ഇക്കാര്യത്തിൽ അധ്യാപകരുടെ ശ്രദ്ധയുണ്ടെന്നു ഉറപ്പാക്കാൻ രക്ഷിതാക്കൾ ശ്രമിക്കണം. കള്ളത്തരങ്ങൾ പിടികൂടുമ്പോൾ കഠിനമായ ശിക്ഷയേക്കാൾ നല്ലതു സ്നേഹത്തോടെയുള്ള കർശന ഉപദേശമായിരിക്കും. വാക്കു പാലിക്കാൻ കുട്ടികളെ പ്രാപ്തരാക്കണം.



## ബഹുമാനം

പ്രായത്തിൽ മുതിർന്നവർ ആരായാലും ബഹുമാനിക്കാൻ കുട്ടികളെ ശീലിപ്പിക്കണം. മുതിർന്നവരെ പേരെടുത്തു വിളിക്കാൻ കുട്ടികളെ അനുവദിക്കരുത്. കുഞ്ഞുപ്രായത്തിൽ തുടങ്ങുന്ന ചേട്ടൻ, ചേച്ചി, അങ്കിൾ, ആന്റി, അപ്പച്ചൻ തുടങ്ങിയ സംബോധനകൾ പ്രോത്സാഹിപ്പിക്കാം. ബന്ധങ്ങളുടെ ഊഷ്മളതയും ഗൗരവവും കുട്ടികളെ ബോധ്യപ്പെടുത്തണം. ആരോട് എങ്ങനെയൊക്കെ പെരുമാറണമെന്ന സ്വയബോധം കൈവരിക്കാൻ കുട്ടികളെ അനുവദിക്കണം.

## കുടുംബാന്തരീക്ഷം

സ്നേഹത്തിന്റെ ബാലപാഠം വീടുകളിൽ തുടങ്ങണം. മാതാപിതാക്കൾ തമ്മിലുള്ള ബന്ധം കുട്ടികളെ ഏറെ സ്വാധീനിക്കും. കുട്ടികൾക്കു മുന്നിലുള്ള കലഹം എത്ര ചെറുതാണെങ്കിലും ഒഴിവാക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

## പങ്കുവയ്ക്കൽ

പങ്കുവയ്ക്കേണ്ടതും അല്ലാത്തതുമായ കാര്യങ്ങൾ വേറിട്ടുമനസിലാക്കാൻ കുട്ടികൾക്കു പ്രാപ്തിയുണ്ടാകണം. അർഹരായവർക്കു മാത്രമേ പങ്കിട്ടു നല്കേണ്ടതുള്ളൂ എന്നും മനസിലാക്കിക്കൊടുക്കണം. ജീവിതാവസാനം വരെ ഈ സഹകരണ മനോഭാവം നിലനിൽക്കാനുള്ള ഉപദേശമാണു നല്കേണ്ടത്. വീട്ടിലെ തീൻമേശയിൽ നിന്ന് ഇതിനുള്ള പാഠം തുടങ്ങാം.

## ധാരാളിത്വം

പണത്തിന്റെ ഉപയോഗത്തെക്കുറിച്ചു കൃത്യമായ ബോധ്യം കുട്ടികളിൽ വളർത്തിയെടുക്കണം. അത്യാവശ്യത്തിനു മാത്രമേ ചെലവഴിക്കുന്നുള്ളുവെന്നും ചെറുതെങ്കിലും സമ്പാദ്യശീലമുണ്ടെന്നും ഉറപ്പാക്കുക. ആവശ്യത്തിലധികം പണം കുട്ടികളുടെ കൈവശം നല്കാതിരിക്കുന്നതാണു നല്ലത്. നല്കിയാലും ചെലവഴിക്കുന്ന വഴികൾ സംബന്ധിച്ചു മാതാപിതാക്കൾക്കു ഉറപ്പുണ്ടാകണം. വീട്ടിലെ സാമ്പത്തികാവസ്ഥയെക്കുറിച്ചുള്ള ചെറു ധാരണയെങ്കിലും കുട്ടികൾക്കു പകർന്നു നല്കണം.

## ക്ഷമിക്കാൻ പഠിപ്പിക്കുക

ക്ഷമാശീലം ജീവിതത്തിൽ മുറുകെ പിടിക്കേണ്ട ഒന്നാണ്. ചെറുപ്രായം മുതൽ ഇതു വളർത്തിയെടുക്കാം. ചെറുപ്രായത്തിലുള്ള കുട്ടികളുടെ വാശിക്കു മുന്നിൽ കീഴടങ്ങാൻ മാതാപിതാക്കൾ നിർബന്ധിതരായേക്കാം. മുതിരുന്തോറും ക്ഷമിക്കാനുള്ള മനോഭാവം വളരുന്നുണ്ടെന്ന് ഉറപ്പാക്കണം.

## പ്രാർത്ഥനയും വായനയും

പ്രാർത്ഥന കുട്ടികളുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. നല്ല പുസ്തകങ്ങൾ തെരഞ്ഞെടുത്തു നല്കി വായനയും പ്രോത്സാഹിപ്പിക്കാം. സാരോപദേശകഥകൾ പോലെ മനസിൽ പതിയുന്ന പുസ്തകങ്ങൾ ചെറുപ്രായം മുതൽ നല്കാം.

## സ്വാധീനശക്തികൾ

ചെറുപ്രായക്കാരെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നതു സിനിമയും ടെലിവിഷൻ പരസ്യചിത്രങ്ങളും മറ്റുമാണ്. മദ്യം, മയക്കുമരുന്ന്, തെറ്റായ കൂട്ടുകെട്ട് തുടങ്ങിയവയൊക്കെ ഇതിൽ നിന്നും അനുകരണങ്ങളിൽനിന്നും ആരംഭിക്കുന്നതാണ്. ഇന്റർനെറ്റും മൊബൈലുമൊക്കെ ഉപയോഗിക്കുന്ന കുട്ടി വഴി തെറ്റിപ്പോകാൻ സാധ്യതയുള്ളതിനാൽ നിയന്ത്രണം ആവശ്യമാണ്. നിയന്ത്രണം അതീവ കർക്കശമാക്കുന്നതു ഗുണത്തേക്കാളേറെ ദോഷം ചെയ്യും. സൗമ്യമായ ഇടപെടലിലൂടെ കാര്യങ്ങൾ നിയന്ത്രിക്കാം.

---

## പ്രതിഭാശാലികൾ




ലോകചരിത്രത്തെ ഏറെ സ്വാധീനിച്ച വ്യക്തികളുടെ ഹ്രസ്വ ചിരിത്രം രേഖപ്പെടുത്തിയ പുസ്തകമാണ് മൈക്കൽ ഹാർട്ടിന്റെ 'ദ ഹൺഡ്രഡ്'. അതിലെ 48-ാം പേരുകാരൻ കർത്തേസിയൂസ് അഥവാ റെനെ ദക്കാർത്തെ ആണ്.

ആരാണ് റെനെ എന്നോ? പൈതഗോറസ്സിനുശേഷം ലോകം കണ്ട ഏറ്റവും പ്രതിഭാശാലിയായ ഗണിത ശാസ്ത്രജ്ഞനാണ് ഈ ഫ്രഞ്ചുകാരൻ. ആധുനിക ഗണിത ശാസ്ത്രത്തിന്റെയും ആധുനിക തത്ത്വചിന്തയുടെയും പിതാവ്! 1596 മാർച്ച് 31 മുതൽ 1650 ഫെബ്രുവരി 11 വരെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതകാലം.




ഗണിതശാസ്ത്രം എല്ലാ ശാസ്ത്രങ്ങളുടെയും രാജ്ഞിയായി അറിയപ്പെടുന്നതും ഇത്തരത്തിലുള്ള അപൂർവ പ്രതിഭാശാലികളുടെ സാന്നിധ്യം കൊണ്ടാണ്. 580 ബി.സി.യിൽ ജീവിച്ചിരുന്ന പൈതഗോറസ്, ഗ്രഹങ്ങൾക്കെല്ലാം അവരുടേതായ സഞ്ചാരപാതയുണ്ടെന്നും ഭൂമിക്ക് ഗോളാകൃതിയാണെന്നും സമർഥിച്ചിരുന്നു. ഗണിതശാസ്ത്രത്തിലെ അപാരമായ അറിവാണ് അദ്ദേഹത്തിന് യന്ത്രസഹായമില്ലാതെ ഈ സിദ്ധാന്തങ്ങൾ രൂപപ്പെടുത്താൻ സഹായിച്ചത്.

പൈതഗോറസ്സിന് സമാനമായ സവിശേഷതകൾ പ്രകടിപ്പിച്ചിരുന്ന മറ്റൊരു ഗണിത വിദഗ്ധനാണ് യൂക്ലിഡ്. ക്ഷേത്രഗണിതത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന യൂക്ലിഡ് ബി.സി.300കളിൽ ജീവിച്ചു. ജ്യാമിതി അഥവാ ജ്യോമെട്രിയുടെ ബൈബിൾ എന്നറിയപ്പെടുന്ന 'എലമെന്റ്സ്' രചിച്ചതും യൂക്ലിഡ് ആണ്.

ഗണിതശാസ്ത്രത്തിന്റെ മേഖലയിൽ ഭാരതത്തിന്റെ സംഭാവനയും ചെറുതല്ല. ന്യൂമെറിക്കൽ അനാലിസിസ് എന്ന ഗണിതശാസ്ത്രശാഖയും പൂജ്യവുമൊക്കെ ഭാരതീയനായ ബ്രഹ്മഗുപ്തന്റെ സംഭാവനയായിരുന്നു. ഗണിതശാസ്ത്രരംഗത്തെ വനിതാ രത്നങ്ങളിൽ പ്രഥമസ്ഥാനം ഹൈപ്പേഷ്യ എന്ന ഗ്രീക്ക് പണ്ഡിതയ്ക്കാണ്. ഇവർ എ.ഡി. 350-നും 415-നും ഇടയ്ക്കാണ് ജീവിച്ചിരുന്നത്.

റോമൻ എണ്ണൽ സംഖ്യകൾ മുതൽ ഹെക്സാഡെസിമൽ അക്കങ്ങൾ വരെ എത്തിനിൽക്കുന്ന ഗണിതശാസ്ത്ര ലോകത്ത് ഇനിയുമേറെയുണ്ട് മഹാരഥന്മാർ. മനുഷ്യകമ്പ്യൂട്ടർ എന്നറിയപ്പെട്ട ശകുന്തളാദേവിയെപ്പോലുള്ള ഭാരതീയരും ആ ഗണത്തിൽ ഉൾപ്പെടുന്നു!

കണക്കുകൾ കുട്ടിക്കുറയ്ക്കുന്നതിനോടൊപ്പം ഈ വ്യക്തികളെക്കുറിച്ചും അറിവുനേടാൻ കൂട്ടുകാർ ശ്രമിക്കുമല്ലോ?

# ഇതും പാപമാണ്

മനുഷ്യന്റെ ബലഹീനതയേയും ദൗർബല്യത്തേയും കുറിച്ചുള്ള പരാമർശം തിരുവെഴുത്തുകളിൽ ഉടനീളം കാണാം. ഏറ്റവും ഉത്തമരായ മനുഷ്യർപോലും തങ്ങളുടെ കഴിവില്ലായ്മ തുറന്നു പറഞ്ഞിട്ടുണ്ട്. താൻ വെറും 'പൊടിയും ചാരവും' ആണെന്നാണ് അബ്രഹാം സ്വയം വിലയിരുത്തിയിട്ടുള്ളത്. 'നാമെല്ലാം ഇലപോലെ വാടിപ്പോകുന്നു' എന്നു യെശയ്യാവു പറഞ്ഞിരിക്കുന്നു. 'എനിക്കു എന്നെത്തന്നെ അറപ്പാകുന്നു' എന്നതാണ് ഇയ്യോബിന്റെ വാക്കുകൾ. 'ഞാൻ സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവൻ' എന്നു പൗലോസ് സ്വയം വിലയിരുത്തുന്നു. 'എന്നെപ്പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല' എന്നു യേശുവും പറഞ്ഞിട്ടുണ്ട്. എല്ലാ ശക്തിയും നമ്മുടെ ആത്മാവിലേക്കു ദൈവംതന്നെ പകരേണ്ടതായിട്ടുണ്ട്.



ഒരു വശത്ത് ദൈവത്തെവിട്ട് അലയുന്നവരും അതേ സമയം ആ വീഴ്ച മനസ്സിലാക്കാനും തെറ്റു സമ്മതിക്കാനുമുള്ള വിനയവും വെളിച്ചവും ലഭിക്കാത്തവരുമായ ധാരാളം പേരുണ്ട്. മറുവശത്തു തങ്ങളുടെ പോരായ്മകളെയും ചെറുതും വലുതുമായ പിന്മാറ്റാവസ്ഥകളെയും കുറിച്ചുള്ള കുറ്റബോധം മൂലം വ്യാകുലപ്പെടുന്ന ദൈവമക്കളുടെ എണ്ണവും ഏറെയാണ്.

കൃപ ഒരു ശതമാനം പോലും നമുക്കു നഷ്ടപ്പെടുത്താനാവില്ല. തന്റെ ആത്യന്തിക രക്ഷയെക്കുറിച്ച് ഒരു വിശുദ്ധന് ഉറപ്പോടുകൂടി ഇരിക്കാമെന്നു തിരുവെഴുത്തു പഠിപ്പിക്കുന്നു. എന്നാൽ 'നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളട്ടെ' എന്ന് കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നുണ്ട്. ഉറപ്പോടുകൂടെ നിൽക്കുന്നവൻ സൂക്ഷിച്ചുകൊള്ളട്ടെ എന്നാണ് മൂലഭാഷയിൽ ഈ വാക്യത്തിന്റെ അർത്ഥം. അതായത് ഏറ്റവും പുരോഗതി നേടിയ വിശ്വാസി, തന്റെ വിശ്വാസത്തെക്കുറിച്ച് തികഞ്ഞ ഉറപ്പുള്ളവൻ, വീഴാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളട്ടെ എന്നു സാരം.

ഹൃദയം ദൈവത്തെ വിട്ടലയുന്നത് ആർക്കും ആദ്യം ശ്രദ്ധയിൽപ്പെട്ടെന്നു വരികയില്ല. കൃപയ്ക്കും നേരിയ തോതിൽ ചോർച്ചയുണ്ടാകും. സ്വർഗ്ഗീയവേഷം ധരിച്ചു നിശബ്ദനായി പിശാചും മെല്ലെ കടന്നുവരും. നമുക്ക് ഇതേക്കുറിച്ച് ആത്മാവിൽ ബോധ്യം ലഭിക്കുന്നതിനു മുമ്പ് അക്ഷരാർത്ഥത്തിൽത്തന്നെ അവൻ ഹൃദയത്തിന്റെ 'ആയുധമുറി' പിടിച്ചടക്കിക്കഴിയും.

ഒരു നേർത്ത ആത്മീയ അലസത, സ്വയത്യാഗത്തിൽ ഒരു നേരിയ മന്ദത. ഇതു സംഭവിക്കുന്നത് മുടി നരയ്ക്കുന്നതു പോലെയാണ്. 'അവന് അവിടവിടെ നരച്ചിരിക്കുന്നു എങ്കിലും അവൻ അത് അറിയുന്നില്ല" എന്നു ബൈബിളിൽ ഒരുവനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് ഇവിടെ ഓർമ്മ വരുന്നു (ഹോശേയ 7:9).

## വിലക്കപ്പെട്ട കാര്യങ്ങളെ നോക്കിക്കൊണ്ടിരിക്കുക:

ഹൃദയം ദൈവത്തെ വിട്ട് അലയുന്നത് പലപ്പോഴും ആരംഭിക്കുന്നത് വിലക്കപ്പെട്ട കാര്യങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നതിൽ നിന്നാണ്. പരീക്ഷ അനുഭവപ്പെടാവുന്ന കാര്യങ്ങളുടെ മേൽ കണ്ണുകൾ ഏറെ നേരം വിശ്രമിക്കാൻ നാം അനുവദിക്കുന്നു. തുടർന്നു അതേപ്പറ്റി ചിന്തയായി. അത് നിയമവിരുദ്ധവും ശക്തവുമായ ആഗ്രഹങ്ങളെ ഇളക്കിവിടുന്നു. ഇച്ഛ ദുർബലമായി മാറുന്നു. ഫലം, ചെറുതോ വലുതോ ആയ അളവിലുള്ള പാപം ഉത്ഭവിക്കുന്നു. ദൈവം തിന്നരുതെന്നു പറഞ്ഞ വിലക്കപ്പെട്ട കനിയെ നോക്കി നിന്ന ഹവ്വയുടെ അനുഭവം ഇതിനുദാഹരണം. കൊട്ടാരമട്ടുപ്പാവിൽനിന്നു നോക്കിക്കൊണ്ടിരുന്ന ദാവീദിന്റെ അനുഭവവും ഇതുതന്നെ. ഈ ലോകത്തിന്റെ സർവ്വമഹത്വവും അതിന്റെ സകല മനോഹരത്വത്തോടും കൂടെ പ്രദർശിപ്പിച്ചപ്പോൾ സാത്താൻ യേശുവിന്റെമേൽ പ്രയോഗിച്ച വിദ്യയും ഇതുതന്നെയായിരുന്നു. പക്ഷേ ആ മനോഹര കാഴ്ചയിൽനിന്നു യേശു ഉടനെതന്നെ മനസ്സിന്റെ കണ്ണുകളെ പിൻവലിച്ച് താൻ നേരിടാൻ പോകുന്ന കുരിശിൽ അവിടുന്ന് അതിനെ ഉറപ്പിച്ചു. പരീക്ഷ ജനിപ്പിക്കുന്നതും ആകർഷകവുമായ എല്ലാ കാഴ്ചകൾക്കുമുള്ള പ്രതിവിധി ഇതാണ്-യേശുവിന്റെ വിലയേറിയ രക്തത്തിൽ മനസ്സിനെ ഉറപ്പിക്കുക. ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിന്റെ കാഴ്ച അവിശുദ്ധമായ എല്ലാ മാനസിക ചിത്രങ്ങൾക്കുമുള്ള മറുമരുന്നാണ്.





## സുഖജീവിതം

മുകളിൽ പറഞ്ഞതിന്റെ തുടർച്ച എന്ന മട്ടിൽ സുഖജീവിതവും പിന്മാറ്റത്തിനുള്ള കാരണമാണെന്നു ചൂണ്ടിക്കാണിക്കട്ടെ. ആഡംബരജീവിതം ഇത്രയും സർവ്വസാധാരണമായിരിക്കുന്ന മറ്റൊരു കാലഘട്ടം ഉണ്ടായിട്ടില്ല. വിലയേറിയ ഫർണീച്ചർ, വസ്ത്രങ്ങൾ, സമൃദ്ധമായ ഭക്ഷണം, സുഖസൗകര്യങ്ങൾക്കുള്ള അവസരം എന്നുവേണ്ടാ ഇന്ന് ആളുകൾക്കുള്ള ആഡംബരജീവിതം പണ്ടു രാജാക്കന്മാർക്കു പോലും സ്വപ്നം കാണാൻ കഴിയുമായിരുന്നില്ല. പക്ഷേ, ഈ സുഖഭോഗജീവിതം കൃപയുടെ ഒഴുക്കിന് ഒരു തടസ്സമാകാം. സുഖസൗകര്യങ്ങളോടു മനുഷ്യഹൃദയത്തിനു സ്വാഭാവികമായിത്തന്നെ ഒരു ചായ്വുണ്ട്. ഗംഭീര സദ്യകൾ, മൃദുലമായ ശയ്യകൾ, ആർഭാടപൂർണമായ വേഷഭൂഷാദികൾ, അധ്വാനത്തെ ലഘൂകരിക്കുന്ന സൗകര്യങ്ങൾ, മോടിയായ കാറുകൾ എന്നിങ്ങനെ ഇന്ദ്രിയങ്ങൾക്കു സുഖവും സാന്ത്വനവും പകരുന്നവയെല്ലാം പതിനായിരങ്ങളെ നാശത്തിലേക്കു നയിച്ചിട്ടുണ്ട്.

ആധുനിക ജീവിതത്തിന്റെ മുഖമുദ്രയായ ആർഭാടങ്ങളെ ശ്രദ്ധിക്കാത്ത, ബുദ്ധിമുട്ടുകളെ ഏറെ ലാളിത്യത്തോടെ സഹിക്കുന്ന, ഒരു ക്രൈസ്തവ വീരപുരുഷനെ കണ്ടുമുട്ടുക ഇന്ന് എത്രയോ പ്രയാസമാണ്! ലൂക്കോസ് 21-ാം അദ്ധ്യായത്തിൽ യേശു നമുക്കു മുന്നറിയിപ്പു നൽകുന്നത് ഇതേ കാര്യത്തെക്കുറിച്ചാണ്-അതിഭക്ഷണം, മദ്യപാനം, ഉപജീവനചിന്തകൾ. തന്റെ രണ്ടാം വരവിൽ സഭ, സുഖഭോഗജീവിതത്തിൽ മുഴുകിക്കിടക്കുകയും ഈ വചനം അവരെ സംബന്ധിച്ചു നിവർത്തിയാവുകയും ചെയ്യും.

## ഉന്നതസങ്കല്പങ്ങളിൽ കഴിയുക:



അവനവനെക്കുറിച്ചു യാഥാർത്ഥ്യ ബോധമില്ലാത്ത സങ്കല്പങ്ങൾ വച്ചുപുലർത്തുന്നതാണ് പിന്മാറ്റത്തിനുള്ള മറ്റൊരു കാരണം. ദൈവമുമ്പാകെ തന്റെ ആത്മാവു വളരെ നന്നായിരിക്കുന്നുവെന്നും ദൈവം തനിക്കായി ഏറെ ഔദാര്യങ്ങൾ ചെയ്യുമെന്നും തന്റെ ഹൃദയത്തെ അനുസരണക്കേടിൽനിന്നു വിടുവിക്കുവാൻ കാവൽമാലാഖ വേണ്ടതു ചെയ്തുകൊള്ളുമെന്നും എല്ലാമുള്ള തോന്നലുകളിൽ ജീവിപ്പാൻ കഴിയും. നിങ്ങൾ കർത്താവിന് ഏറ്റവും പ്രിയപ്പെട്ടവനാണെന്നും തന്റെ മറ്റു മക്കളേക്കാളേറെ ദൈവം നിങ്ങളെക്കുറിച്ചു ചിന്തിക്കുന്നുവെന്നും മറ്റുള്ളവർക്കു നൽകാത്ത ഇളവുകൾ നിങ്ങൾക്കു നൽകുമെന്നും സാത്താൻ മന്ത്രിച്ചുകൊണ്ടിരിക്കും. ശലോമോനു നേരിട്ട പരീക്ഷ ഇതാണ്. ദൈവമുമ്പാകെയുള്ള തന്റെ ഉന്നതമായ നിലയെക്കുറിച്ചും അന്യാദൃശമായ തന്റെ വിവേകം, പരിജ്ഞാനം എന്നിവയെക്കുറിച്ചും അവന് വലിയ ഉറപ്പാണുണ്ടായിരുന്നത്. തന്റെ ഈ സങ്കല്പത്തിനനുസരിച്ചു പ്രവർത്തിക്കുവാൻ സാത്താൻ അവനെ പ്രലോഭിപ്പിച്ചു. ഒടുവിൽ 'മായ, മായ സകലവും മായ' എന്നു ലോകത്തിലെ ഏറ്റവും വിവേകശാലിയായ മനുഷ്യനു വിലപിക്കേണ്ടതായി വന്നു. ഇതേ പരീക്ഷ തന്നെയാണ് സാത്താൻ യേശുവിനു നേരേയും കൊണ്ടുവന്നത്. ദേവാലയത്തിന്റെ അഗ്രത്തുനിന്നു ചാടിയാലും ദൈവം തന്നെ അതിയായി കരുതുന്നതുകൊണ്ട് കാൽ കല്ലിൽ തട്ടിപ്പോകുന്നതിനുമുമ്പേ ദൂതന്മാർ താങ്ങിക്കൊള്ളും എന്നതായിരുന്നു സാത്താന്റെ വാദഗതി.

ഈ തത്വത്തിനു ധാരാളം പ്രായോഗികസാധുതയുണ്ട്. സ്നേഹത്തിലെന്നപോലെ ശിക്ഷണത്തിലും ദൈവത്തിനു മുഖപക്ഷമില്ല. അനുതപിക്കുന്ന ഈ ലോകത്തിലെ ഏറ്റവും നികൃഷ്ട പാപിയോടുപോലും അവിടുന്നു തന്റെ സ്നേഹം പ്രദർശിപ്പിക്കുമെങ്കിൽ, ലോകത്തിലെ ഏറ്റവും വലിയ വിശുദ്ധനെപ്പോലും, ദൈവത്തോടു മുഖാമുഖം സംസാരിച്ച മോശെയെപ്പോലും, ദൈവം ശിക്ഷണത്തിലൂടെ നടത്താതിരിക്കുകയില്ല. ഉന്നതസങ്കല്പം എന്ന പാപമാണ് ലൂസിഫറിനെ പിശാചാക്കിയത്. ദൈവമക്കളെ കെണിയിൽപ്പെടുത്താൻ അവൻ ഇതേ പാപത്തെ ആയിരം വ്യത്യസ്തരൂപങ്ങളിൽ ഒരുക്കിവച്ചിരിക്കുന്നു.

ഈ കാര്യങ്ങളെ വിവേചിച്ചറിയത്തക്ക അടുപ്പം ദൈവവുമായി കുറച്ചു ക്രിസ്ത്യാനികൾക്കേ ഉള്ളൂ എന്നതാണ് വലിയ ദുരന്തം. ദൈവവുമായുള്ള മാനസികബന്ധത്തെ എന്തെങ്കിലും തകർത്താൽ, ആത്മാവിന്റെ ശുദ്ധതയ്ക്കു വിഘാതമായി എന്തെങ്കിലും കടന്നുവന്നാൽ ദൈവത്തെ വിട്ടുള്ള അലച്ചിൽ അവിടെ ആരംഭിക്കും എന്ന വസ്തുത മറന്നുപോകരുത്. ●

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




# ദൈവത്തിന്റെ ദാനവും നമ്മുടെ പ്രതികരണവും



'ഗോഡ് ഈസ് നോ ഫൂൾ' എന്ന ഗ്രന്ഥത്തിൽ ലോയിഡ് ചെനി എന്ന എഴുത്തുകാരി പറയുന്ന ഒരു കഥ താഴെ കൊടുക്കുന്നു.

ഒരിക്കൽ ഒരാൾ സ്വയം പറഞ്ഞു, 'എനിക്കു കുറേക്കൂടി പണമുണ്ടായിരുന്നുവെങ്കിൽ ഞാൻ അതു ദൈവത്തിനു കൊടുക്കുമായിരുന്നു. ഇപ്പോഴത്തെ എന്റെ വരുമാനം എന്റെയും കുടുംബാംഗങ്ങളുടെയും ചെലവിനു കഷ്ടിച്ചു മതിയാകുന്നതേയുള്ളു.'

മറ്റൊരിക്കൽ അയാൾ വീണ്ടും ഇപ്രകാരം സ്വയം പറഞ്ഞു, 'എനിക്കു കുറേക്കൂടി സമയമുണ്ടായിരുന്നുവെങ്കിൽ ആ സമയം ഞാൻ ദൈവത്തിനു കൊടുക്കുമായിരുന്നു. ഇപ്പോഴത്തെ എന്റെ സമയം മുഴുവനും എന്റെ ജോലിക്കും കുടുംബാംഗങ്ങളുടെ കാര്യത്തിനും മാത്രമേ മതിയാകുന്നുള്ളു. എനിക്കു കൂടുതൽ സമയമുണ്ടായിരുന്നുവെങ്കിൽ അതുവഴി മറ്റു പലർക്കും ധാരാളം നന്മകൾ ചെയ്യാൻ എനിക്കു കഴിയുമായിരുന്നു.'

വേറൊരിക്കൽ അയാൾ ഇപ്രകാരം സ്വയം പറഞ്ഞു, 'എനിക്ക് എന്തെങ്കിലും പ്രത്യേക കഴിവുകൾ ഉണ്ടായിരുന്നുവെങ്കിൽ അതെല്ലാം ദൈവമഹത്വത്തിനും ജനനന്മയ്ക്കുമായി വിനിയോഗിക്കുമായിരുന്നു. എന്നാൽ, എനിക്ക് പാടാനോ പ്രസംഗിക്കാനോ മറ്റുള്ളവരെ നയിക്കാനോ ബുദ്ധിപൂർവം ചിന്തിക്കാനോ സംസാരിക്കാനോ ഉള്ള കഴിവുകളൊന്നും ഇല്ല.'

പലപ്പോഴായിട്ടുള്ള അയാളുടെ ഈ ആത്മഗതം ദൈവം കേൾക്കുന്നുണ്ടായിരുന്നു. തന്മൂലം ദൈവം അയാളെ സഹായിക്കാൻ തീരുമാനിച്ചു. അതേത്തുടർന്ന് അയാൾക്ക് കൂടുതൽ വരുമാനമുണ്ടാകാൻ തുടങ്ങി. സമയത്തിന്റെ കാര്യത്തിലും ദൈവം സഹായിച്ചു. അങ്ങനെ അയാൾക്ക് ധാരാളം ഫ്രീടൈം ലഭിക്കാനിടയായി. അയാൾ നിനച്ചിരിക്കാത്ത നേരത്ത് അയാൾക്ക് പാടാനും പ്രസംഗിക്കാനും മറ്റുള്ളവരെ ബുദ്ധിപൂർവം നയിക്കാനുമുള്ള കഴിവുകൾ ദൈവം അയാൾക്കു നൽകി. അതിനുശേഷം ദൈവം കാത്തിരുന്നു. അയാൾ പറഞ്ഞതുപോലെ പ്രവർത്തിക്കുമോ എന്നറിയാൻ.

എന്നാൽ, നാളുകൾ പലത് കഴിഞ്ഞിട്ടും ഒന്നും സംഭവിച്ചില്ല. അയാൾക്ക് കൂടുതൽ വരുമാനമുണ്ടായിട്ടും അയാൾ പാവങ്ങളെ സഹായിക്കാൻ ശ്രദ്ധിച്ചില്ല. കൂടുതലായി ലഭിച്ച വരുമാനം മുഴുവൻ അയാൾ തനിക്കുവേണ്ടിയും കുടുംബാംഗങ്ങൾക്കുവേണ്ടിയും മാത്രമായി ചെലവഴിച്ചു.

അയാൾക്കു കൂടുതലായി ലഭിച്ച സമയത്തിന്റെ കാര്യത്തിലും സംഭവിച്ചത് അങ്ങനെതന്നെയായിരുന്നു. അയാൾക്ക് കൂടുതലായി ലഭിച്ച ഫ്രീ ടൈം കൊണ്ട് അയാൾ പ്രാർഥിക്കാനോ മറ്റുള്ളവർക്ക് എന്തെങ്കിലും നന്മ ചെയ്യാനോ തയാറായില്ല, എന്നു മാത്രമല്ല ആ അധികസമയം മുഴുവനും സ്വന്തം സുഖസന്തോഷങ്ങൾക്കുവേണ്ടിയാണ് അയാൾ ചെലവഴിച്ചത്.

പ്രത്യേക കഴിവുകൾ ഒന്നുമില്ലാതിരുന്ന അയാൾക്ക് ദൈവം പല പ്രത്യേക കഴിവുകൾ നൽകുകയുണ്ടായി. എന്നാൽ, അവ ലഭിച്ചപ്പോഴും മുൻപ് വാഗ്ദാനം ചെയ്തതുപോലെ ആ കഴിവുകൾ മറ്റുള്ളവർക്കായി വിനിയോഗിച്ചില്ല. അതിനുപകരം, അവയെല്ലാം സ്വന്തം നന്മയ്ക്കുവേണ്ടിയാണ് ഉപയോഗിച്ചത്.

അയാളുടെ സ്വഭാവത്തിന് എന്തെങ്കിലും വ്യത്യാസം ഉണ്ടാകുമോ എന്നറിയാൻ ദൈവം കുറേനാൾ ക്ഷമയോടെ കാത്തിരുന്നു. പക്ഷേ അയാളുടെ ജീവിതത്തിൽ നല്ലതായ ഒരു മാറ്റവും ഉണ്ടായില്ല. അപ്പോൾ ദൈവം അധികമായി അയാൾക്കു കൊടുത്തതെല്ലാം തിരികെയെടുത്തു. അയാൾക്കു കൂടുതലായി ലഭിച്ച വരുമാനവും സമയവും പ്രത്യേക കഴിവുകളുമെല്ലാം അങ്ങനെ അയാൾക്കു നഷ്ടമായി.

അപ്പോൾ അയാൾ ദീർഘശ്വാസം വിട്ടുകൊണ്ട് സ്വയം പറഞ്ഞു, 'എനിക്കു കൂടുതലായി ലഭിച്ചിരുന്ന ആ പണം ഇനിയും ലഭിക്കുകയാണെങ്കിൽ തീർച്ചയായും ദൈവത്തിന്റെ പേരിൽ പാവങ്ങൾക്കായി ഞാൻ ചെലവഴിക്കും. അതുപോലെ എനിക്ക് അധികമായി ലഭിച്ച സമയം ഇനി ലഭിക്കുകയാണെങ്കിൽ പ്രാർത്ഥിക്കാനും പാവങ്ങളെ സഹായിക്കാനുമായി ഞാൻ ചെലവഴിക്കും. എനിക്ക് നഷ്ടമായ പ്രത്യേക കഴിവുകൾ തിരികെ ലഭിച്ചാൽ അവ വഴിയായി ദൈവമഹത്വത്തിനുവേണ്ടി ഞാൻ പ്രവർത്തിക്കും.'

പക്ഷേ, ഇത്തവണ അയാളുടെ പ്രാർത്ഥനയ്ക്ക് ഫലം കണ്ടില്ല. അപ്പോൾ അയാൾ ചില സുഹൃത്തുക്കളോടു പറഞ്ഞു, 'ദൈവം ഉണ്ടോ എന്നുപോലും എനിക്കിപ്പോൾ സംശയം തോന്നുന്നു.'

ഇതൊരു കഥയാണ്. എന്നാൽ ഈ കഥയിൽ കുറേ കാര്യമുണ്ട് എന്നു പറയാതിരിക്കാൻ വയ്യ. കഥയിലെ നായകൻ വാഗ്ദാനം ചെയ്തതുപോലെ പ്രവർത്തിക്കാതിരുന്നതുകൊണ്ടാണ് അയാളുടെ അധികവരുമാനവും അധിക ഫ്രീ ടൈമും അധികമായി നൽകിയ കഴിവുകളും ദൈവം തിരികെയെടുത്തത്. അപ്പോൾ അയാൾ എന്താണു ചെയ്തത്? തനിക്കു നഷ്ടപ്പെട്ട നന്മകളെല്ലാം തിരികെ ലഭിക്കാൻ വീണ്ടും പഴയതുപോലെ വാഗ്ദാനങ്ങൾ നൽകി. പക്ഷേ, ഇത്തവണ ഫലമുണ്ടായില്ല. അപ്പോൾ അയാൾ ദൈവത്തെ തള്ളിപ്പറയുന്ന അവസ്ഥയിൽവരെ എത്തി!

സ്വന്തം സുഖവും സന്തോഷവും മാത്രം അന്വേഷിക്കുന്നവരുടെ സ്ഥിതിയും ഇപ്രകാരമാണ്. അവർ ആഗ്രഹിക്കുന്നതുപോലെ അവരുടെ കാര്യങ്ങൾ നടന്നില്ലെങ്കിൽ അവർ ദൈവത്തെപ്പോലും തള്ളിപ്പറഞ്ഞെന്നിരിക്കും.

നമുക്ക് ദൈവം നൽകിയിരിക്കുന്ന സമ്പത്തും സമയവും കഴിവുകളുമൊക്കെ നമ്മുടെ നന്മയ്ക്കെന്നതുപോലെ മറ്റുള്ളവരുടെ നന്മയ്ക്കും നമുക്ക് ഉപകരിപ്പിക്കാം. അതാണ് നാം എപ്പോഴും തെരഞ്ഞെടുക്കേണ്ട വഴി.

---

ടി.എം.വർഗ്ഗീസ് ഓതറ



# ശേഷം മനുഷ്യരെപ്പോലെ

"എന്നാൽ സഹോദരന്മാരേ നിങ്ങളോടെനിക്ക് ആത്മീയന്മാരോട് എന്നപോലെയല്ല, ജഡികന്മാരോട് എന്നപോലെ, ക്രിസ്തുവിൽ ശിശുക്കളായവരോട് എന്നപോലെയത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളു. ഭക്ഷണമല്ല, പാലത്രേ ഞാൻ നിങ്ങൾക്ക് തന്നത്; ഭക്ഷിപ്പാൻ നിങ്ങൾക്ക് കഴിവില്ലായിരുന്നു. ഇപ്പോഴും കഴിവായിട്ടില്ല; ഇന്നും നിങ്ങൾ ജഡികന്മാരല്ലോ. നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ? (1 കൊരി.3:1-4).

ഇവിടെ പൗലോസ് അപ്പോസ്തലൻ വിശ്വാസികളെക്കുറിച്ച് രണ്ട് പ്രത്യേക പേരുകൾ പറയുന്നു. ഒന്ന് ആത്മികൻ മറ്റേത് ജഡികൻ. രണ്ടാം അദ്ധ്യായത്തിന്റെ 14-ാം വാക്യത്തിൽ മറ്റൊരു കൂട്ടരെക്കുറിച്ചു നാം വായിക്കുന്നു. "എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവന് ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അത് അവന് ഗ്രഹിപ്പാൻ കഴിയുന്നതുമല്ല." ഇവിടെ പറയുന്ന പ്രാകൃതൻ വീണ്ടും ജനനം പ്രാപിക്കാത്തവൻ ആണ്. ആയതിനാൽ ദൈവികമായ വിഷയങ്ങൾ അവന് മനസ്സിലാകുകയില്ല.

എന്നാൽ ജഡികർ എന്നു പറഞ്ഞിരിക്കുന്നത് രക്ഷിക്കപ്പെട്ടവരിൽ ഒരു വിഭാഗത്തെ ഉദ്ദേശിച്ചാണ്. ജഡികരെക്കുറിച്ച് ഇവിടെ പറഞ്ഞിരിക്കുന്നത് അവർ ക്രിസ്തുവിൽ ശിശുക്കളായവരാണെന്നാണ്. എന്നു പറഞ്ഞാൽ അവർ ക്രിസ്തുവിനെ അംഗീകരിച്ചവരെങ്കിലും ആത്മീയമായി വളർച്ച പ്രാപിച്ചവരല്ല. അവർക്ക് കട്ടിയായ ആഹാരം കഴിക്കാൻ കഴിയുന്നില്ല. ദൈവികസത്യങ്ങളുടെ ആദിപാഠങ്ങളായ വീണ്ടും ജനനം, പാപമോചനം, ഭൗതിക ആവശ്യങ്ങളിലുള്ള ദൈവത്തിന്റെ കരുതൽ ഇവയൊക്കെയല്ലാതെ ദിവ്യസ്വഭാവത്തിനു കൂട്ടാളികളാകുക, യേശുക്രിസ്തു നടന്നതുപോലെ നടക്കുക, പാപത്തിന്റെമേൽ ജയമുള്ളവരായിരിക്കുക, ആകുലചിന്ത കൂടാതെ ജീവിക്കുക ഇങ്ങനെ കട്ടിയായതൊന്നും അവർക്ക് ദഹിക്കയില്ല. ക്രിസ്തുവിന്റെ സ്വഭാവം വേണ്ടവിധത്തിൽ അവരിൽ കാണുന്നില്ല. ദൈവാത്മാവിന് പരിപൂർണ്ണമായി തങ്ങളെത്തന്നെ വിധേയപ്പെടുത്തിക്കൊടുക്കാത്തവർ - ഇപ്പോഴും ജീവിതത്തിലെ അനേകതലങ്ങളിലും സ്വന്ത ഇഷ്ടം ചെയ്യുന്നവർ.

ഇങ്ങനെയൊക്കെ ജീവിക്കുകമൂലം അവർ മറ്റു സാധാരണക്കാരായ മനുഷ്യരെപ്പോലെയുള്ളവരാണ്. കേവലം മറ്റു മനുഷ്യരെപ്പോലെ നാം ജീവിക്കാൻ പാടില്ലെന്നാണ് ഇവിടത്തെ ആശയം. പലപ്പോഴും നാം പറയാറുണ്ട്, 'നാമും മനുഷ്യരല്ലേ; അതുകൊണ്ടാണ് ഇങ്ങനെയൊക്കെ ഉണ്ടാകുന്നത്.' എന്നാൽ മറ്റു സാധാരണ മനുഷ്യരിൽനിന്ന് നാം വ്യത്യസ്തരായിരിക്കണമെന്നാണ് ഈ ഭാഗം നമ്മെ പഠിപ്പിക്കുന്നത്.

ജഡികർ രണ്ടുതോണിയിൽ കാൽ വയ്ക്കാൻശ്രമിക്കുന്നവരാണെന്നു നമുക്കു പറയാം. രക്ഷിക്കപ്പെട്ടവരാകയാൽ ദൈവകാര്യങ്ങളിൽ ഇവർക്ക് അല്പം താല്പര്യമുണ്ട്. അതേസമയം ഇവർ ലോകത്തേയും അതിലുള്ളതിനേയും സ്നേഹിക്കുന്നവരാണ്. വിശ്വാസിയായിരിക്കും, അതേ സമയം ലോകമയത്വം ഉള്ളവനുമായിരിക്കും. ഈ അവസ്ഥ ജീവിതത്തെ വളരെ അരിഷ്ടത നിറഞ്ഞതാക്കുന്നതാണ്. ദൈവബോധം ഉള്ളിൽ ഉള്ളതിനാൽ ലോകത്തിന്റെ സന്തോഷങ്ങളിൽ പങ്കുചേരുന്നതിന്റെ കുറവു നികത്താൻ ദൈവകാര്യങ്ങളിലും ഇവർ സജീവമായിരിക്കും. യാക്കോബ് തന്റെ ലേഖനം 4:4-ൽ ഇവരോടു പറയുന്നത് ശ്രദ്ധിക്കുക, "വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു." കർത്താവിനോട് കൂറു പ്രഖ്യാപിച്ചിരിക്കെത്തന്നെ ലോകത്തിന്റെ പിന്നാലെ പോകുന്ന അവിശ്വസ്തതയാണ് വ്യഭിചാരിണികൾ എന്ന പേരിന് ഇവരെ അർഹരാക്കുന്നത്. ഈ കൂട്ടരിൽ ദൈവാത്മാവ് വസിക്കുന്നുണ്ടെങ്കിലും അവർ ജഡത്തിനും മനോവികാരത്തിനും ഇഷ്ടമായത് ചെയ്യുന്നു. 'സ്വയം' ഇന്നും ജീവിതസിംഹാസനത്തിൽ ഇരിക്കുന്നു.



നമ്മിൽ അനേകരുടേയും സ്ഥിതി ഇതല്ലേ? രക്ഷിക്കപ്പെട്ടിട്ട് നാളുകൾ കഴിഞ്ഞെങ്കിലും നമ്മുടെ സ്വയം തന്നെയല്ലേ നമ്മെ നിയന്ത്രിക്കുന്നത്? നമ്മുടെ ജീവിതസിംഹാസനം ദൈവാത്മാവിന് നാം കൊടുത്തിട്ടുണ്ടോ? ശേഷം മനുഷ്യരെപ്പോലെയല്ലേ നമ്മുടെ അനേക ഇടപാടുകളും? മറ്റു മനുഷ്യരിൽനിന്നൊരു വ്യത്യാസം നമ്മിൽ ലോകം ദർശിക്കുന്നുണ്ടോ?

ഇന്നും ആത്മീയ സത്യങ്ങളുടെ ആദിപാഠങ്ങളല്ലാതെ, ദൈവവചനത്തിലെ ആഴമായ സത്യങ്ങളായ, ദൈവസ്വഭാവം വെളിപ്പെടുത്തുക, വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുക ആദിയായവ, നാം ഗ്രഹിക്കുകയും പ്രായോഗികമാക്കുകയും ചെയ്തിട്ടുണ്ടോ? നമ്മുടെ യഥാർത്ഥ അവസ്ഥ നമുക്കൊന്നു കാണാം. നാം ആത്മീയരാണെന്ന് ധരിച്ച് നമ്മെത്തന്നെ വഞ്ചിക്കാതെ, യാഥാർത്ഥ്യത്തെ അഭിമുഖീകരിച്ച് പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കാം.

ദൈവാത്മാവിന് ജീവിതത്തെ പൂർണ്ണമായും വിധേയപ്പെടുത്തിക്കൊടുക്കാം. അങ്ങനെ ഒരു ആത്മീയനായി തീരാം. എല്ലാ ദൈവമക്കളും ആത്മീയരായിത്തന്നെ ജീവിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. കർത്താവിനെ ജീവിതസിംഹാസനത്തിലേറ്റി അവനു കീഴ്പ്പെട്ട് ജീവിക്കുമ്പോൾ ക്രിസ്തീയജീവിതം വിജയവും സമൃദ്ധിയും ഉള്ളതായിത്തീരും. അങ്ങനെയുള്ള ജീവിതത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും നമുക്ക് തൃപ്തരാകാതിരിക്കാം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



2014 ഒക്ടോബർ ലക്കം വേദാഭിമാനിയിൽ പ്രസിദ്ധീകരിച്ച കലാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി 8

# നമ്മുടെ തലച്ചോറും ദൈവത്തിന്റെ ചിന്തയും

**പ്രൊഫ.ടി.ജോൺ മാത്യു**

**മോ**ട്ടോർ വാഹനത്തിന്റെ ഉള്ളിൽ ഇരിക്കുന്ന ഡ്രൈവർ മോട്ടോർ വാഹനത്തിന്റെ ഭാഗമല്ല. എന്നാൽ അയാൾ അതിന്റെ വിവിധ ഭാഗങ്ങളെ നിയന്ത്രിക്കുന്നു; അതുപോലെ തന്നെ ദ്രവ്യനിർമ്മിതമായ തലച്ചോറിനെ ദ്രവ്യനിർമ്മിതമല്ലാത്ത നമ്മുടെ ആളത്വം അതിനുള്ളിൽ ഇരുന്ന് നിയന്ത്രിക്കുന്നു. അതിന്റെ ഫലമായി നാം കണ്ടിട്ടുള്ളതും അറിഞ്ഞിട്ടുള്ളതുമായ വസ്തുക്കളുടെയും ശബ്ദങ്ങളുടെയും ആശയങ്ങളുടെയും എല്ലാം മസ്തിഷ്ക്കസിഗ്നൽ രൂപത്തിലുള്ള പ്രതിബിംബങ്ങളിൽ നിന്ന് നാം തെരഞ്ഞെടുക്കുന്നവയെ നമ്മുടെ ഇഷ്ടപ്രകാരം വിഘടിപ്പിക്കുകയും സംയോജിപ്പിക്കുകയും ഒക്കെ ചെയ്തുകൊണ്ട് നമ്മുടെ തലച്ചോറിന്റെ ബോധമണ്ഡലത്തിൽ നാം നിർത്തുന്നു. അങ്ങനെ നമ്മുടെ തലച്ചോറിന്റെ ബോധമണ്ഡലത്തിൽ ചിന്തകളും തീരുമാനങ്ങളും ഉണ്ടാകുന്നു; ചുരുക്കത്തിൽ ചിന്ത എന്നത് ദ്രവ്യനിർമ്മിതമായ തലച്ചോറ് സ്വയം ചെയ്യുന്ന പ്രവർത്തിയല്ല. പിന്നെയോ ദ്രവ്യനിർമ്മിതമല്ലാത്ത മനുഷ്യവ്യക്തിത്വത്തിലെ 'ഞാൻ' എന്ന ഘടകം അഥവാ മനുഷ്യന്റെ ആത്മാവ് അതിനോട് ബന്ധിക്കപ്പെട്ടിരിക്കുന്ന ദ്രവ്യത്തെ (തലച്ചോറിനെ)നിയന്ത്രിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന കാര്യമാണ്. മനുഷ്യന്റെ ആത്മാവ് അവന്റെ ശരീരത്തിനു വെളിയിലുള്ള വസ്തുക്കളെ ഉൾക്കൊള്ളാത്തതിനാൽ, അവയെക്കുറിച്ച് ചിന്തിക്കുന്നതിനുവേണ്ടി അവന്റെ തലച്ചോറിലുള്ള അവയുടെ പ്രതിബിംബങ്ങളെ ഉപയോഗപ്പെടുത്തുന്നു. എന്നാൽ ദൈവം സകല പ്രപഞ്ചത്തെയും തന്നിൽതന്നെ ഉൾക്കൊള്ളുന്ന പരമാത്മാവായതിനാൽ പ്രപഞ്ചത്തിലെ വസ്തുക്കളെക്കുറിച്ച് ചിന്തിക്കുന്നതിനായി അവയുടെ പ്രതിരൂപങ്ങളെ ഉപയോഗിക്കേണ്ട ആവശ്യം ഉണ്ടാകുന്നില്ല. അവയുമായി നേരിട്ടുതന്നെ ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവയുടെ പ്രതിരൂപങ്ങൾ ശേഖരിച്ചു വച്ചിരിക്കുന്ന ഒരു തലച്ചോറ് ഉപയോഗിക്കേണ്ട ആവശ്യം വരുന്നില്ല. മനുഷ്യന്റെ ആത്മാവ് സ്ഥിതിചെയ്യുന്ന സ്ഥാനമായ ശരീരത്തിനു പുറത്തുള്ള കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനു വേണ്ടിയാണ് ആ വസ്തുക്കളുടെ പ്രതിരൂപങ്ങൾ ശേഖരിച്ചുവച്ചിരിക്കുന്ന തലച്ചോറ് അവന് ആവശ്യമായി വരുന്നത്. എന്നാൽ ദൈവാത്മാവ് സകല പ്രപഞ്ചത്തെയും തന്നിൽ തന്നെ ഉൾക്കൊള്ളുന്നതിനാൽ പ്രപഞ്ചത്തിലുള്ള യാതൊന്നിനെയും കുറിച്ച് ചിന്തിക്കുന്നതിന് അവയുടെ പ്രതിരൂപങ്ങൾ ശേഖരിച്ചു വച്ചിരിക്കുന്ന ഒരു തലച്ചോറിന്റെ ആവശ്യം ഉണ്ടാകുന്നില്ല. ഏതാനും കിലോഗ്രാം മാത്രം



ഭാരമുള്ള ഒരു ശരീരത്തിനുള്ളിൽ ഒതുങ്ങി നിൽക്കുന്ന മനുഷ്യാത്മാവിന്, അതു സ്ഥിതിചെയ്യുന്ന ശരീരത്തിനു വെളിയിലുള്ള വസ്തുക്കളെക്കുറിച്ചു ചിന്തിക്കുന്നതിന് ആ വസ്തുക്കളുടെ പ്രതിരൂപങ്ങൾ മസ്തിഷ്കസിഗ്നൽ രൂപത്തിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന അവന്റെ നിയന്ത്രണത്തിലുള്ള ഒരു സ്ഥാനം (തലച്ചോറ്) അത്യാവശ്യമാണ്. ദ്രവ്യനിർമ്മിതമല്ലാത്ത മനുഷ്യാത്മാവ് ദ്രവ്യനിർമ്മിതമായ ഈ മസ്തിഷ്ക്കസിഗ്നലുകളെ നിയന്ത്രിക്കുമ്പോഴാണ് ചിന്തയുണ്ടാകുന്നത് എന്നു നാം കണ്ടുകഴിഞ്ഞു. (ആത്മാവിന് ദ്രവ്യത്തെ നിയന്ത്രിക്കാൻ ശക്തിയുണ്ടെന്നാണ് ഇതു തെളിയിക്കുന്നത്). മനുഷ്യാത്മാവ് അവന്റെ തലച്ചോറിൽ സ്ഥിതിചെയ്യുന്ന മസ്തിഷ്ക്ക സിഗ്നലുകളെ നിയന്ത്രിച്ചുകൊണ്ട് ചിന്തിക്കുന്നതുപോലെ, സകല പ്രപഞ്ചത്തെയും തന്നിൽ ഉൾക്കൊള്ളുന്ന ദൈവാത്മാവ് പ്രപഞ്ചത്തിലുള്ള സകലത്തെയും നേരിൽ ബന്ധപ്പെട്ടുകൊണ്ട് അവയെപ്പറ്റി ചിന്തിക്കുന്നു. അതിനാലാണ് ദൈവത്തിന് ചിന്തിക്കുന്നതിന് മനുഷ്യാത്മാവിനെപ്പോലെ തലച്ചോറ് ആവശ്യമായി വരാത്തത്. മനുഷ്യാത്മാവിനു മുമ്പിൽ അവന്റെ മസ്തിഷ്ക സിഗ്നലുകൾ എങ്ങനെ അവന്റെ നിയന്ത്രണത്തിൽ നിൽക്കുന്നുവോ അങ്ങനെ സകല പ്രപഞ്ചവും ദൈവാത്മാവിനു മുമ്പിൽ തന്റെ നിയന്ത്രണത്തിൽ നിൽക്കുകയാണ് ചെയ്യുന്നത്. ചിന്ത എന്ന പ്രക്രിയ എന്താണെന്ന് 'യുക്തിവാദികൾ' മനസ്സിലാക്കാത്തതുകൊണ്ട്, ചെറിയ ഒരു ശരീരത്തിൽ ഒതുങ്ങി നിൽക്കുന്ന മനുഷ്യാത്മാവും സകല പ്രപഞ്ചത്തെയും തന്നിൽ ഉൾക്കൊള്ളുന്ന ദൈവാത്മാവും തമ്മിലുള്ള വ്യത്യാസം അവർ കണക്കിലെടുക്കുന്നില്ല; അതിനാലാണ് "തലച്ചോറില്ലാത്ത ദൈവത്തിന് ചിന്തിക്കാൻ സാധിക്കുമോ? ജ്ഞാനം ഉണ്ടാകാൻ സാധിക്കുമോ? എന്നും മറ്റും അവർ ചോദിക്കുന്നത്... (തുടരും)

# പ്രതികരണമാർഗം







**"...ഇ**പ്പോൾ ഞാൻ സന്തോഷിക്കുന്നു. നിങ്ങൾ ദുഃഖിച്ചതിനാലല്ല, മാനസാന്തരത്തിനായി ദുഃഖിച്ചതിനാലത്രേ. ദൈവഹിതപ്രകാരമുള്ള ദുഃഖം മാനസാന്തരത്തെ രക്ഷയ്ക്കായി ഉളവാക്കുന്നു. ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു" (2 കൊരി. 7:8-10).

ദൈവഹിതപ്രകാരം ദുഃഖിക്കുക എന്നു പറഞ്ഞാൽ വസ്തുതകളെ അഭിമുഖീകരിക്കുന്നതിൽ ദൈവിക മാർഗം സ്വീകരിക്കുകയും അതുമൂലം ദുഃഖം അനുഭവിക്കുകയും ചെയ്യുക എന്നാണർത്ഥം. ഓരോ കാര്യങ്ങളോടും ഓരോ വ്യക്തികളോടും നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു, അഥവാ അവയെ എങ്ങനെ നേരിടുന്നു എന്നതിനെ ആശ്രയിച്ചാണ് നിങ്ങളുടെ സന്തോഷമോ സന്തോഷമില്ലായ്മയോ ഇരിക്കുന്നത്. നിങ്ങളുടെ സന്തുഷ്ടിയുടെയോ അസന്തുഷ്ടിയുടെയോ അളവും അതിനെ ആശ്രയിച്ചിരിക്കും.

മറ്റുള്ളവർ പറയുന്നതോ ചെയ്യുന്നതോ ആയ കാര്യങ്ങൾ, ജീവിതത്തിൽ നിങ്ങൾ അഭിമുഖീകരിക്കയും നിങ്ങൾക്കു സംഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ, ഇവയൊന്നും അവയിൽത്തന്നെ നിങ്ങളെ സന്തുഷ്ടരോ അസന്തുഷ്ടരോ ആക്കാൻ പോരുന്നതല്ല. അവ നിങ്ങളുടെ ജീവിതത്തോട് ഒന്നും കൂട്ടിച്ചേർക്കുന്നില്ല. ജീവിതത്തിൽനിന്നും ഒന്നും എടുത്തു കളയുന്നുമില്ല. ഇപ്പറയുന്ന കാര്യം ശരിയല്ല എന്നു തോന്നിയേക്കാം. എന്തെന്നാൽ ആളുകൾ സാധാരണ പറയുകയും ചിന്തിക്കുകയും ചെയ്യുന്ന കാര്യങ്ങൾക്കു കടകവിരുദ്ധമാണ് ഈ പ്രസ്താവന. എങ്കിലും ഇത് അത്ഭുതകരമായ ഒരു സത്യമാണ്. ഈ കാര്യം നിങ്ങൾ എത്രമാത്രം പരീക്ഷിച്ചറിയുമോ അത്രമാത്രം അതു നിങ്ങളുടെ ബോധമണ്ഡലത്തിൽ വേരുറച്ച ഒരു സത്യമായിത്തീരും.

ഈ വഴിയിൽ ചിന്തിക്കുമ്പോൾ നിങ്ങൾ നിങ്ങളോടുതന്നെ വിട്ടുവീഴ്ച കാണിക്കുകയും മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും ചെയ്യുന്നതിനേക്കാൾ അപഹാസ്യവും നിന്ദ്യവുമായ മറ്റൊരു മനോഭാവവും ഇല്ലതന്നെ. മറ്റുള്ളവർ പറയുന്നതോ ചെയ്യുന്നതോ ആയ കാര്യങ്ങൾ അവരുടെ മാത്രം സന്തുഷ്ടിക്കോ അസന്തുഷ്ടിക്കോ കാരണമായിത്തീരും. നിങ്ങളുടെ സന്തുഷ്ടിക്കോ അസന്തുഷ്ടിക്കോ അതു കാരണമാകുകയില്ല. മറ്റുള്ളവർക്കു നിങ്ങളെ സന്തുഷ്ടനോ അസന്തുഷ്ടനോ ആക്കാൻ സാദ്ധ്യമല്ല.

മറ്റുള്ളവർ പറയുന്നതോ ചെയ്യുന്നതോ ആയ കാര്യങ്ങൾ, ജീവിതത്തിലെ അനുദിന സംഭവങ്ങൾ, മറ്റാളുകളുടെ പെരുമാറ്റരീതി, നിങ്ങളെയോ നിങ്ങളുടെ കാര്യങ്ങളെയോ അവർ കൈകാര്യം ചെയ്യുന്ന വിധം ഇവയോടൊക്കെ നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്നതു മാത്രമേ നിങ്ങളുടെ സന്തോഷത്തെ അഥവാ സന്തോഷമില്ലായ്മയെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുകയുള്ളു.

ഏതെങ്കിലും ഒരു കാര്യത്തോടോ ഒരാളിനോടോ നിങ്ങൾ പ്രതികരിക്കുന്ന രീതി നിങ്ങൾക്കു നാശനഷ്ടങ്ങൾക്കിടയാക്കുന്നുവെങ്കിൽ അതിനു കാരണം നിങ്ങളിലുള്ള പാപമാണ്. മറ്റെയാളിന്റെ പ്രവൃത്തികളോ വാക്കുകളോ ആണ് നിങ്ങൾക്കു നാശനഷ്ടം വരുത്തിയതെന്നു ചിന്തിക്കുക വളരെ എളുപ്പമാണ്. എന്നാൽ വാസ്തവത്തിൽ അത് അപ്രകാരമല്ല. സന്തോഷം കുറഞ്ഞുപോകാതെ വർദ്ധിച്ചുവരുവാൻ ഇടയാകുമാറ് കാര്യങ്ങളോടു പ്രതികരിക്കാൻ നിങ്ങൾക്ക് സാധിക്കണമെങ്കിൽ സ്വന്ത പാപത്തിൽ നിന്നു സമൂലമായ ഒരു വിടുതൽ ലഭിക്കുവാൻ നിങ്ങൾ ഉത്സാഹിക്കേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ നിങ്ങളുടെ സന്തോഷം ഒരിക്കലും കുറഞ്ഞുപോകാതെ മറിച്ചു വർദ്ധിക്കുവാനിടവരുമാറ് എല്ലാ കാര്യങ്ങളോടും ആളുകളോടും പ്രതികരിക്കുവാൻ നിങ്ങൾക്കു കഴിയൂ.

മനുഷ്യർ വരുത്തുന്ന വലിയ തെറ്റ് അഥവാ അബദ്ധധാരണ ഇതാണ്: ആരെങ്കിലും നിങ്ങൾക്ക് ഒരു ദോഷം ചെയ്യുന്നു. അത് സഹിപ്പാൻ നിങ്ങൾക്കു കഴിയുന്നില്ല. അപ്പോൾ നിങ്ങളും ദോഷം ചെയ്യുവാൻ ഭാവിക്കുന്നു. ആ സമയത്തു നിങ്ങൾ ചെയ്യുന്ന തെറ്റായ കണക്കുകൂട്ടൽ ഇങ്ങനെയാണ്. "ആ മനുഷ്യൻ എന്നോടു ദോഷം ചെയ്തിരുന്നില്ലെങ്കിൽ ഞാനും അയാൾക്ക് ദോഷം ചെയ്യുകയില്ലായിരുന്നു." ഈ മനോഭാവം ശരിയെന്നു തോന്നാമെങ്കിലും വചനപ്രകാരം ശരിയല്ല.

ശരിയായ കാര്യം ഇതാണ്: മറ്റെയാൾ ചെയ്ത ദോഷം നിങ്ങൾക്ക് ഒരു പരീക്ഷ അഥവാ പ്രലോഭനം ആയിത്തീരുന്നു. അതിലൂടെ നിങ്ങൾക്കു വിജയം കരസ്ഥമാക്കുവാനുള്ള പുതിയ ഒരവസരം ലഭിക്കുന്നു. പക്ഷേ ആ വിധം പ്രതികരിക്കുന്നതിനുപകരം ആ പരീക്ഷയിൽ നിങ്ങൾ വീണുപോകാൻ ഇടയാകുന്നു. നിങ്ങളുടെതന്നെ പാപം നിമിത്തം നേരിട്ട പരാജയമാണത്.

നിങ്ങളുടെ വീഴ്ച മറ്റേ മനുഷ്യൻ ചെയ്ത ദോഷത്തിന്റെ ഫലമാണെന്നു പറയുന്നത് അൽപംപോലും ശരിയല്ല. സംഭവിച്ചത് ഇതാണ്. മറ്റേയാൾ ചെയ്ത ദോഷം മൂലം നിങ്ങളുടെതന്നെ തിന്മ പുറത്തുവരുവാനിടയായി. ആ തിന്മ നേരത്തേതന്നെ അവിടെ ഉണ്ടായിരുന്നു. ഈ തിന്മ നിങ്ങളുടെ ഹൃദയത്തിൽ വച്ചുകൊണ്ടു മുന്നോട്ടു പോകുകയും അതേസമയം നിങ്ങൾ യഥാർത്ഥത്തിൽ ആയിരിക്കുന്നതിനെക്കാൾ നല്ലവനാണെന്നും വളരെ വളർന്നിട്ടുണ്ടെന്നു മറ്റുള്ളവരെ ധരിപ്പിക്കുകയും ചെയ്തുകൊണ്ട് ആത്മവഞ്ചനയിൽ ജീവിക്കുകയായിരുന്നു നിങ്ങൾ.

നിങ്ങൾ വീണുപോയതു മറ്റേയാൾ നിങ്ങൾക്കു ദോഷം ചെയ്തതു കൊണ്ടല്ല, പിന്നെയോ നിങ്ങളുടെ തന്നെ പാപത്തിന്റെ ശക്തിയിൽനിന്നു വിടുതൽ കിട്ടിയിട്ടില്ലാത്തതുകൊണ്ടാണ്. നിങ്ങൾ പതിവുപോലെ തെറ്റായി പ്രതികരിച്ചു. അപ്രകാരം ചെയ്യേണ്ട ഒരാവശ്യവും ഇല്ലായിരുന്നു. ദൈവാനുരൂപമായി നിങ്ങൾ പ്രതികരിക്കുകയും മഹത്വപൂർണ്ണമായ ഒരു വിജയം നേടുകയും ചെയ്യുവാൻ നിങ്ങൾക്കു സാധിക്കുമായിരുന്നു. മഹത്വകരമായ ഒരവസരം ആണ് നിങ്ങൾക്കു ലഭിച്ചത്. പക്ഷേ അതു നിങ്ങൾ പാഴാക്കിക്കളഞ്ഞു.

ഒരാൾ നമ്മോട് ഒരനീതി ചെയ്താൽ, അപ്പോൾ ജ്ഞാനപൂർവ്വവും നന്മ നിറഞ്ഞതുമായ ഒരു മാർഗ്ഗത്തിൽ കൂടി അതിനെപ്പറ്റി ചിന്തിക്കുകയാണ് നാം ചെയ്യേണ്ടത്.

ഇപ്രകാരം ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നതുമൂലം എനിക്ക് എന്റെ സന്തോഷവും സമാധാനവും നിലനിർത്താൻ കഴിയുന്നു. സത്യം പറഞ്ഞാൽ അവ എന്നിൽ വർദ്ധിക്കുന്നു. അപ്പോൾ എന്നോടു ദോഷം ചെയ്ത ആളെ സഹായിക്കാൻ എനിക്ക് അവസരം ലഭിക്കുന്നു. അതിന്റെ ഫലമായി അയാൾകൂടി നന്മയിലേക്കു വന്നു ചേരുകയാണ്. എത്ര അത്ഭുതകരമായ പ്രതികരണമാർഗ്ഗം! മഹത്വപൂർണ്ണവും പ്രയോജനകരവുമായ മനോഭാവം! അതു ദൈവത്തിനു മഹത്വമണയ്ക്കുകയും ചെയ്യുന്നു. ●

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

സമുദായ സഭകൾ അവരുടെ പ്രാർത്ഥനയിൽ ധാരാളം വിദേശ ഭാഷകൾ പറയുന്നുണ്ട്. വേദപുസ്തകത്തിലും ഇതുപോലെയുള്ള ഭാഷാപ്രയോഗങ്ങൾ കാണുന്നു. ആരാധനയിലും മറ്റും പറയുന്ന ഇത്തരം അന്യഭാഷാവാക്കുകളുടെയും വാചകങ്ങളുടേയും അർത്ഥവും, പ്രസക്തിയും, ആവശ്യകതയും അറിയാൻ ആഗ്രഹമുണ്ട്. അർത്ഥമറിഞ്ഞ് ആരാധിക്കാൻ ഇത് അനേകരെ സഹായിക്കും.

**പാസ്റ്റർ ജെ.രാജൻ, വയല, തട്ടാരുപടി, പത്തനംതിട്ട**

നമ്മുടെ വേദപുസ്തകത്തിലെ പഴയനിയമം രചിക്കപ്പെട്ടത് എബ്രായ ഭാഷയിലാണ്. എന്നാൽ യേശുതമ്പുരാന്റെ കാലമായപ്പോഴേക്കും അത് ഒരു മൃതഭാഷയായി കഴിഞ്ഞിരുന്നു. അതിന്റെ ഒരു സഹോദരീഭാഷയായ ആരാമ്യഭാഷയാണ് അക്കാലത്ത് അന്നാട്ടിൽ പ്രചാരത്തിലുണ്ടായിരുന്നത്. അരാം നാട് പിൽക്കാലത്ത് സുറിയ എന്ന് അറിയപ്പെട്ടപ്പോൾ ആരാമ്യഭാഷ സുറിയാനി എന്ന് അറിയപ്പെട്ടു. മൂലഭാഷകളിൽ നിന്നു നമ്മുടെ സമകാലിക ഭാഷകളിലേക്ക് തർജമ ചെയ്തപ്പോൾ നിരന്തരമായി ഉപയോഗിക്കുന്ന ചില പ്രയോഗങ്ങൾ ഭാഷാന്തരം ചെയ്യാതെ അതേപടി നിലനിർത്തി.

ഇക്കഴിഞ്ഞ നൂറ്റാണ്ടുകളിൽ റോമൻ കത്തോലിക്കർ കൊണ്ടുവന്ന ചില പോർട്ടുഗീസ് വാക്കുകളും നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ട്. അൾത്താര, കപ്പേള, പാതിരി, വികാരി, കുമ്പസാരം തുടങ്ങിയവ അക്കൂട്ടത്തിൽപെടും. എന്തിനാണ് ഇത്രയേറെ മൂലഭാഷാപ്രയോഗങ്ങൾ എന്നു ചിലർക്കെങ്കിലും സംശയം തോന്നാം. മൂലഭാഷാപ്രയോഗങ്ങൾ വേദപുസ്തകത്തിലും ധാരാളമുണ്ട്. യേശുതമ്പുരാനും മറ്റുള്ളവരും ഉപയോഗിച്ചിട്ടുള്ള ആരാമ്യ ഭാഷയിലുള്ള ചില പദപ്രയോഗങ്ങൾ അതേപോലെ സുവിശേഷങ്ങളിൽ കാണാം. ചില ഉദാഹരണങ്ങൾ ഇവിടെ ചേർക്കുന്നു.

തലീഥ കൂമി = ബാലേ എഴുന്നേൽക്ക

എഫ്ഫാഥ = തുറക്കട്ടെ

ഏലി ഏലി ലെമ്മ ശബക്താനി = എന്റെ ദൈവമേ എന്റെ ദൈവമേ എന്തുകൊണ്ട് എന്നെ കൈവിട്ടു?

ഏലോഹ്, ഏൽ (എബ്രായ, ആരാമ്യ), ആലോഹൊ (സുറിയാനി ഉച്ചാരണം), അല്ലാഹു (അറബി ഉച്ചാരണം) = ദൈവം.

ആബാ = പിതാവ്

റാക്കാ = തലയിൽ ഒന്നുമില്ലാത്തവൻ

മാമോൻ = ധനം

റബ്ബീ (എബ്രായ) റബോനി (ആരാമ്യ) = എന്റെ ഗുരോ

കൊർബാൻ (എബ്രായ), കൊർബാന (ആരാമ്യ ഉച്ചാരണം), കുർബോനൊ (പടിഞ്ഞാറൻ സുറിയാനി ഉച്ചാരണം), കുർബ്ബാന (കിഴക്കൻ സുറിയാനി ഉച്ചാരണം), കുർബാനി (അറബി, ഉർദു ഉച്ചാരണം) = ദൈവാലയത്തിൽ അർപ്പിക്കുന്ന കാഴ്ച, ബലി.

മാറാനാഥ = കർത്താവേ വരണമേ

**വ്യക്തിനാമങ്ങൾ മൂലഭാഷയിലാണ്.**

ബർതലോമായി = തലോമായിയുടെ മകൻ

തലോമായി = ഉഴവുന്നവൻ.

ബറബ്ബാസ് = പിതാവിന്റെ പുത്രൻ.

ബർത്തിമായ് = വേശ്യയുടെ പുത്രൻ

ബർശബ്ബാസ് = ശബത്തിന്റെ പുത്രൻ

ബോവനേർഗസ് = ഇടിമുഴക്കത്തിന്റെ മക്കൾ

കേഫാസ് (ആരാമ്യ) പെത്രോസ് (ഗ്രീക്ക്) = പാറ

തോമ (അരാമ്യ) ദിദിമോസ് (ഗ്രീക്ക്) = ഇരട്ട

## സ്ഥലപ്പേരുകൾ മൂലഭാഷയിലാണ്.

ഗാത്ശ്മാനി (ആരാമ്യ) ഗെത്സെമെനെ (ഗ്രീക്ക് ഉച്ചാരണം) = എണ്ണ ആട്ടുന്ന സ്ഥലം.

ഗുൽഗാൽത്ത (ആരാമ്യ) ഗോൽഗോഥ (ഗ്രീക്ക് ഉച്ചാരണം).

കൽവാറിയ (ലാറ്റിൻ) = തലയോട്

ഹ്കെൽദ്മ (ആരാമ്യ) അക്കെൽദാമ (ഗ്രീക്ക് ഉച്ചാരണം) = രക്തനിലം

മൂലഭാഷാപ്രയോഗം നല്ലതു തന്നെ എന്നതിൽ രണ്ടുപക്ഷമില്ല. എന്നാൽ ചില പ്പോഴെങ്കിലും ഈ വാക്കുകളുടെ ഭാഷാന്തരം ഉപയോഗിക്കുന്നത് നന്നായിരിക്കും. ഈ വാക്കുകൾ വെറും ശബ്ദങ്ങളായിപ്പോകാതെ, നമ്മുടെ ഹൃദയങ്ങളിൽ നിന്നുയരുന്നതിന് ഭാഷാന്തരം സഹായിക്കും.

പട്ടത്വസഭകളുടെ ആരാധനയിൽ - ഉപയോഗിക്കുന്ന ചില മൂലഭാഷാപ്രയോഗങ്ങളും അവയുടെ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള മൊഴിമാറ്റങ്ങളുമാണ് താഴെക്കൊടുത്തിരിക്കുന്നത്.

1. ആമ്മീൻ. Let it be so. അങ്ങനെ തന്നെ.
2. ബാറെക്മോർ. Bless my Lord. വാഴ്ത്തുക നാഥാ.
3. സ്തൗമെൻകാലോസ്. Let us stand well. നിൽക്കാം നന്നായ്.
4. കുറിയേലായിസോൻ (ഗ്രീക്ക്) മോറാൻ എസ് റാഹേം അലൈൻ (സുറിയാനി). O Lord, have mercy upon us. നാഥാ ചെയ് കരുണ.
5. ഹല്ലേൽ ഉ യാഹ് (എബ്രായ) ശുബ്ഹോ ലോക് ആലോഹൊ (സുറിയാനി). Glory/Praise to Yahweh/God. ദൈവത്തിന് മഹത്വം/സ്തുതി.
6. ശുബഹോ ല ആബോ ല ബ്രോ വ ല റൂഹോ കാദീശൊ. Glory be to the Father, Son, and Holy Spirit. സ്തുതി താതനും സുതനും പരിശുദ്ധാത്മിനും.
7. മെൻഓലം വാദാമോ ല ഓലം ഒൽമീൻ ആമ്മീൻ. Let it be so from the beginning and for ever. ആകണമങ്ങനെ ആദിമുതൽ ഇന്നും എന്നേയ്ക്കും.
8. മൊർയോ റാഹേം അലൈൻ വ് ആദാറൈൻ - O Lord, Have mercy on us and help us. കർത്താവേ കാരുണ്യം ചെയ്തു സഹായിക്കണമേ.

പദപ്രയോഗങ്ങൾ നമുക്ക് ഒന്നു അടുത്തു കാണാം. അവയുടെ അർത്ഥവും പ്രസക്തിയും ഉപയോഗവും മനസ്സിലായാൽ കുറെക്കൂടി അർത്ഥവത്തായി നമുക്ക് അവ ഉപയോഗിക്കാൻ സാധിക്കും.

## ആമേൻ

ആരാധനയിൽ വളരെയേറെ ഉപയോഗിക്കപ്പെടുന്ന ഒരു പ്രയോഗമാണ് ആമ്മീൻ. എബ്രായഭാഷയിലെ ആമേൻ സുറിയാനിയിലും അറബിയിലും ഒക്കെ അമ്മീൻ ആയി മാറി. ഈ പദം ലോകത്തിലെ എല്ലാ ക്രൈസ്തവസഭകളും ഉപയോഗിക്കുന്നുണ്ട്. കൂടാതെ യഹൂദമതത്തിലും ഇസ്ലാം മതത്തിലും ഈ പദം ഉപയോഗിക്കുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ തന്നെ, അത് ഞങ്ങൾ സമ്മതിക്കുന്നു, അത് സത്യം തന്നെ എന്നൊക്കെയാണ് അതിന്റെ അർത്ഥം.

തന്റെ സെക്രട്ടറി എഴുതി ടൈപ്പ് ചെയ്ത ഒരു എഴുത്തിന്റെ താഴെ ഒരു ഓഫീസർ ഒപ്പ് വയ്ക്കുമ്പോൾ അത് അയാളുടെ എഴുത്തായി മാറുന്നു. അയാളുടെ ഒപ്പ് ഇല്ലാതെ ആ എഴുത്ത് പോയാൽ ആ എഴുത്ത് അയാളുടേത് ആണെന്ന് വരികയില്ല. ഒരു എഴുത്തിന്റെ അടിയിൽ ഉള്ള ഒപ്പ് പോലെയാണ് ഒരു പ്രാർത്ഥനയുടെ ഒടുവിലുള്ള ആമ്മീൻ. ഒരാൾ പ്രാർത്ഥന ചൊല്ലുകയും ജനം ആമ്മീൻ പറയുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ ഇങ്ങനെയാണ് അതിന്റെ അർത്ഥം.

ഒരു വാചകം അവസാനിച്ചു എന്നു കാണിക്കുവാൻ വേണ്ടി ഒരു പൂർണവിരാമം (full stop) ഇടുന്നതുപോലെ, ഒരു പ്രാർത്ഥന അവസാനിച്ചു എന്നു കാണിക്കുവാൻവേണ്ടി 'ആമ്മീൻ' പറയാറുണ്ട്. ജനം ഒരുമിച്ച് പ്രാർത്ഥിക്കുന്ന പ്രാർത്ഥനയുടെ ഒടുവിൽ 'ആമ്മീൻ' പറയുന്നത് ഈ അർത്ഥത്തിലാണ്.

ആമ്മീൻ എന്ന പദത്തിന്റെ രണ്ട് അർത്ഥങ്ങളാണ് ഇവിടെ നാം കണ്ടത്. ഒരാൾ ചൊല്ലുന്ന പ്രാർത്ഥനയ്ക്ക് ജനം 'ആമ്മീൻ' പറയുമ്പോൾ അതിന് ഒരു ഒപ്പ് ഇടുന്നതുപോലെയുള്ള അർത്ഥമാണ്. എന്നാൽ ജനം ചൊല്ലുന്ന പ്രാർത്ഥനയ്ക്കൊടുവിൽ 'ആമ്മീൻ' പറയുന്നതിന് ഒരു പൂർണ്ണവിരാമത്തിന്റെ അർത്ഥമേ ഉള്ളു.

## ഹല്ലേലൂയ്യാ

പരിചയമുള്ള ഒരാളെ കാണുമ്പോൾ അഭിവാദ്യം ചെയ്യുന്നത് സാധാരണ മര്യാദയാണ്. നമസ്തേ, നമസ്കാരം, സലാം, ഹലോ, ഗുഡ്മോർണിംഗ് എന്നൊക്കെ അനുദിന ജീവിതത്തിൽ നാം സാധാരണ പറയാറുണ്ട്. ബന്ധങ്ങൾ വിഘടിതമായിപ്പോകാതെ അരക്കിട്ടുറപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് ഇത്. നമ്മൾ സുഹൃദ്ബന്ധത്തിലാണ്. ഞാൻ നിങ്ങളുടെ നന്മ ആഗ്രഹിക്കുന്നു എന്നൊക്കെയുള്ള അർത്ഥങ്ങൾ അഭിവാദ്യത്തിനുണ്ട്.

എബ്രായഭാഷയിൽ ശാലോം എന്നായിരുന്നു ആളുകൾ പരസ്പരം അഭിവാദ്യം ചെയ്തിരുന്നത്. 'നിങ്ങൾക്ക് സർവ ഐശ്വര്യങ്ങളും, സുഖവും, സന്തോഷവും, ആരോഗ്യവും, സമാധാനവും ഉണ്ടാകട്ടെ' എന്ന ആശംസയാണ് ശാലോം.

എന്നാൽ പ്രാർത്ഥനയ്ക്കായി ദൈവസന്നിധിയിൽ വരുമ്പോൾ ദൈവത്തെ എങ്ങനെ അഭിവാദ്യം ചെയ്യും? ദൈവത്തോട് ശാലോം പറയുന്നതു യുക്തിരഹിതമാണ്. ദൈവത്തിന് സന്തോഷവും ആരോഗ്യവും സമാധാനവും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നതെങ്ങനെ? ദൈവമല്ലേ ഇവയുടെയെല്ലാം ഉറവിടം?

എബ്രായ ഭാഷയിൽ ദൈവത്തെ അഭിവാദ്യം ചെയ്തിരുന്നത് ഹല്ലേൽ എന്നു പറഞ്ഞുകൊണ്ടാണ്. ഹല്ലേൽ എന്ന വാക്കിന് മഹത്വം അഥവാ സ്തുതി എന്ന് അർത്ഥം. പ്രാർത്ഥനകളും കീർത്തനങ്ങളും ആരംഭിക്കുന്നതു ഹല്ലേൽ പറഞ്ഞുകൊണ്ടാണ്. യേശുവിന്റെ ജനന വാർത്ത അറിയിച്ച മാലാഖമാർ മനുഷ്യർക്ക് സമാധാനവും ദൈവത്തിന് മഹത്വവും പാടുന്നു (ലൂക്കോസ് 2:14).

ഹല്ലേലൂയ്യ പിരിച്ചു പറഞ്ഞാൽ

ഹല്ലേൽ + ഉ + യാഹ് = Glory / Praise to Yahweh. യഹോവയ്ക്ക് സ്തുതി/മഹത്വം.

സുറിയാനി ഭാഷയിൽ ഹല്ലേൽ എന്ന വാക്കിന് പകരം ശുബ്ഹോ എന്ന വാക്ക് ഉപയോഗിക്കുന്നു.

ശുബ്ഹോ ലോക് ആലോഹൊ.

Glory to you O God.

ശുബ്ഹോ ലൊക് മോറാൻ.

Glory to you our Lord.

'യഹോവയ്ക്ക്' എന്ന ദൈവനാമത്തിന്റെ സ്ഥാനത്ത് പട്ടത്വസഭകൾ 'പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും' എന്ന് ഉപയോഗിക്കാൻ തുടങ്ങി.

ശുബ്ഹോ ല ആബോ ല ബ്രോ വ ല റൂഹോ കാദീശൊ.

Glory be to the Father Son and Holy Spirit.

സ്തുതി താതനും സുതനും പരിശുദ്ധാത്മാവിന്നും.

നാലാം നൂറ്റാണ്ടിൽ ഇതിനെ ശരിയായ അഥവാ നേരായ സ്തുതി എന്നു വിളിച്ചു. 'പിതാവിനു പുത്രൻ മൂലം പരിശുദ്ധാത്മാവിനാൽ സ്തുതി' എന്ന അറിയോസു പക്ഷക്കാരുടെ സ്തുതിയിൽ നിന്നു വേർതിരിച്ചു കാണുവാനാണ് ഇതിനെ നേരായ സ്തുതി എന്നു വിളിച്ചത്. ഗ്രീക്കിൽ 'നേരായ സ്തുതി' എന്ന അർത്ഥത്തിൽ അവർ ഉപയോഗിച്ച പ്രയോഗം Orthodox എന്നാണ്.

എന്താണ് ദൈവത്തെ മഹത്വപ്പെടുത്തുന്നതിന്റെ അർത്ഥവും പ്രസക്തിയും? ദൈവത്തിന് മഹത്വം എന്നു പറഞ്ഞാൽ ദൈവത്തേക്കാൾ മഹത്തായി ഒന്നും ഇല്ല എന്നു സമ്മതിക്കയാണ്. ധാരാളം ആളുകൾ ഏറ്റവും മഹത്തായി കാണുന്നത് അവരവരെത്തന്നെയാണ്. അവർ സ്വയം നീതീകരിക്കുന്നവരും സ്വാർത്ഥരുമാണ്. ഒരു സ്വാർത്ഥനായ വ്യക്തി സ്വയം ലോകത്തിന്റെ കേന്ദ്രമായി കാണുന്നു. ലോകം നിലനിൽക്കുന്നത് തന്നെ അയാൾക്കു വേണ്ടിയാണ് എന്നും അയാൾ കരുതുന്നു. ചുങ്കക്കാരന്റെയും പരീശന്റെയും കഥയിലെ പരീശൻ അങ്ങനെയുള്ള ഒരാളാണ്. അയാൾ സ്വയം മഹത്വം പാടുന്നു. ദൈവത്തെ മഹത്വപ്പെടുത്തുവാൻ അയാൾക്കു കഴിയുന്നില്ല. മറ്റു ചിലർ സമ്പത്തിനെയും സ്ഥാനമാനങ്ങളെയും സുഖസൗകര്യങ്ങളെയും മഹത്തായി കരുതുന്നവരാണ്. അങ്ങനെയുള്ള ചിലരെക്കുറിച്ചാണ് പൗലോസ് അപ്പോസ്തോലൻ ഒരിക്കൽ "അവരുടെ ദൈവം വയറ്" എന്നു പ്രസ്താവിച്ചത്. സമ്പത്തിനെ ചിലർ ദൈവമായി കണ്ടിരുന്നതുകൊണ്ടാണ് യേശുതമ്പുരാൻ "നിങ്ങൾക്ക് ദൈവത്തെയും മാമോനെയും (ധനദേവത) സേവിക്കാൻ സാധ്യമല്ല" എന്ന് അരുളിയത്. ഒരാൾ ഏറ്റവും മഹത്തായി കാണുന്നതെന്തോ അതാണ് അയാളുടെ ദൈവം.

ദൈവത്തെ സ്തുതിക്കുന്നത് സ്വയത്തെ ബലി കഴിച്ചുകൊണ്ടായിരിക്കണം സ്വയത്തെ ബലിയർപ്പിച്ചുകൊണ്ടാണ് മുടിയൻപുത്രൻ തന്റെ പിതാവിനെ മഹത്വപ്പെടുത്തുന്നത്. സ്വയകേന്ദ്രീകൃതമായി ജീവിക്കുന്ന പരീശന് ദൈവത്തെ സ്തുതിക്കാൻ ആവില്ല. സ്വർഗം സ്വർഗമായിരിക്കുന്നത് അവിടെയുള്ള എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തുന്നതുകൊണ്ടാണ്. ഭൂമിയിലുള്ള എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്താൻ ആരംഭിച്ചാൽ ഭൂമിയും സ്വർഗമാകും.

This is The Word of God
Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st August 2015
Posted on 15, 16 August 2015
Posted at R.M.S. Kayamkulam

# നാല് ഭാര്യമാർ



ഒരാൾക്ക് നാല് ഭാര്യമാരുണ്ടായിരുന്നു. നാലാമത്തെ ഭാര്യയോടായിരുന്നു അയാൾക്ക് ഏറെ ഇഷ്ടം. നല്ല വസ്ത്രങ്ങളും ആഭരണങ്ങളുമെല്ലാം അയാൾ അവർക്കാണ് വാങ്ങിക്കൊടുക്കുന്നത്.

മൂന്നാമത്തെ ഭാര്യയും അയാൾക്ക് പ്രിയപ്പെട്ടവളായിരുന്നു. ഭർത്താവിന് വേണ്ട പലതും നല്കിയിരുന്നത് അവളായിരുന്നു. ഒരർത്ഥത്തിൽ ഭർത്താവിനെ നിയന്ത്രിച്ചിരുന്നത് മൂന്നാമത്തെ ഭാര്യയായിരുന്നു എന്നു പറയാം.

രണ്ടാമത്തെ ഭാര്യയോടും അയാൾക്ക് ഇഷ്ടമുണ്ടായിരുന്നു. അവളെ വലിയ വിശ്വാസമായിരുന്നു അദ്ദേഹത്തിന്. അതുകൊണ്ടുതന്നെ സന്തോഷവും സങ്കടവുമെല്ലാം അവളോടായിരുന്നു അദ്ദേഹം പങ്കുവച്ചിരുന്നത്.

എന്നാൽ ഇതെല്ലാം കണ്ട് ഒന്നാമത്തെ ഭാര്യ അദ്ദേഹത്തോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു. കുലീനയും ശാന്തയുമായ അവളോടാവട്ടെ ഭർത്താവിന് അത്ര ഇഷ്ടമല്ലായിരുന്നു. അവളെ അദ്ദേഹം അവഗണിച്ചു.

വർഷങ്ങൾ കടന്നുപോയി. വയസ്സനായ ഭർത്താവ് മരണക്കിടക്കയിലായി. അദ്ദേഹം നാല് ഭാര്യമാരേയും അടുത്തുവിളിച്ചിട്ടു പറഞ്ഞു:

"എന്റെ പ്രിയപ്പെട്ട ഭാര്യമാരേ, എനിക്കൊറ്റയ്ക്ക് മരിക്കാൻ വയ്യ. നിങ്ങളിൽ ആരാണ് എന്നോടൊപ്പം വരുന്നത്?

എല്ലാവരേയും നോക്കിയിട്ട് നാലാമത്തെ ഭാര്യയോട് അദ്ദേഹം ചോദിച്ചു: "എനിക്ക് ഏറ്റവും പ്രിയപ്പെട്ടവൾ നീയാണ്. നീ എന്നോടൊപ്പം വരില്ലേ?"

"ഇല്ല!", എന്നുപറഞ്ഞ് നാലാമത്തെ ഭാര്യ വെട്ടിത്തിരിഞ്ഞു നടന്നുപോയി. ഇതുകണ്ട് ഭർത്താവിന്റെ ഹൃദയം വേദനകൊണ്ട് നുറുങ്ങി.

പിന്നെ അദ്ദേഹം മൂന്നാമത്തെ ഭാര്യയോടു ചോദിച്ചു: "ഞാൻ മരിക്കാൻ പോവുകയാണ്. നീ എന്നോടൊപ്പം വരില്ലേ?"

"ഇല്ല. താങ്കൾ മരിച്ചുകഴിഞ്ഞാൽ ആ നിമിഷം ഞാൻ മറ്റൊരാളുടെ കൂടെ പോകും!" ഇത്രയുംപറഞ്ഞ് മൂന്നാമത്തെ ഭാര്യയും തിരികെപ്പോയി.

ഭർത്താവ് രണ്ടാമത്തെ ഭാര്യയോടും ചോദ്യം ആവർത്തിച്ചു. അപ്പോൾ അവൾ പറഞ്ഞു: "താങ്കൾ മരിച്ചുകഴിഞ്ഞാൽ ഞാൻ സെമിത്തേരിവരെ വരാം. അതിനപ്പുറത്തേക്ക് എനിക്ക് വരാൻ സാധിക്കില്ല" എന്നു പറഞ്ഞ് രണ്ടാമത്തെ ഭാര്യയും അവിടുന്ന് പോയി. അപ്പോഴാണ് പിന്നിൽനിന്ന് ഒരു ശബ്ദം. "അങ്ങയോടൊപ്പം ഞാൻ വരാം."

ശബ്ദം കേട്ട് തിരിഞ്ഞു നോക്കിയ ഭർത്താവിന് വിശ്വസിക്കാനായില്ല. താൻ ഇത്രയും കാലം അവഗണിച്ചിരുന്ന ആദ്യ ഭാര്യയായിരുന്നു അത്.

ഭർത്താവ് നിറകണ്ണുകളോടെ അവരോട് പറഞ്ഞു: "പ്രിയപ്പെട്ടവളേ, നിന്റെ സ്നേഹം എനിക്ക് കാണാൻ കഴിഞ്ഞിരുന്നില്ലല്ലോ. എന്നെ മറ്റാരേക്കാളും കൂടുതൽ സ്നേഹിച്ചിട്ടുള്ളത് നീയായിരുന്നു. പക്ഷേ, ആ സ്നേഹം എനിക്ക് തിരിച്ചുതരുവാൻ കഴിഞ്ഞില്ല."

ഇത്രയും പറഞ്ഞ് ഭർത്താവ് മരണമടഞ്ഞു. ഒപ്പം ഒന്നാമത്തെ ഭാര്യയും അദ്ദേഹത്തോടൊപ്പം യാത്രയായി.

ഈ കഥയിലെ നാല് ഭാര്യമാരും ഒരു മനുഷ്യന്റെ ജീവിതത്തിലുള്ള നാല് കാര്യങ്ങളാണ്.

നാലാമത്തെ ഭാര്യയാണ് നമ്മുടെ ശരീരം. ജീവിച്ചിരിക്കുമ്പോൾ നമ്മൾ ഏറെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് ശരീരത്തെയാണ്. മരിച്ചുകഴിഞ്ഞാൽ ശരീരം നമ്മോടൊപ്പം വരില്ല.

മൂന്നാമത്തെ ഭാര്യയാവട്ടെ സമ്പത്താണ്. ശരീരം കഴിഞ്ഞാൽ നമ്മൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നതും ഇതിനെയാണ്. മരണത്തോടെ നമ്മുടെ സമ്പത്തെല്ലാം മറ്റൊരാളുടേതായി മാറും.

രണ്ടാമത്തെ ഭാര്യ നമ്മുടെ ബന്ധുക്കളേയും സുഹൃത്തുക്കളേയും പ്രതിനിധീകരിക്കുന്നു. സെമിത്തേരിവരെ വന്ന് അവർ ദുഃഖത്തിൽ പങ്കുചേരും.

ഒന്നാമത്തെ ഭാര്യ നമ്മുടെ ആത്മാവാണ്. നമ്മൾ ജനിക്കുമ്പോൾ മുതൽ നമ്മോടൊപ്പമുള്ള ഇതിനെ പലരും അത്ര കാര്യമായി ശ്രദ്ധിക്കാറില്ല. മരണമടുക്കുമ്പോഴാണ് പലരും സ്വന്തം ആത്മാവിനെക്കുറിച്ച് ചിന്തിച്ചു തുടങ്ങുന്നത്.

സ്വയം അറിയുക എന്നതാണ് യഥാർത്ഥ ജ്ഞാനം. അവനവനെ അറിയുമ്പോൾ ആത്മാവിനെ അറിയാനാകും. ഇതറിഞ്ഞാൽ ദൈവത്തിങ്കലേക്കുള്ള പാതയും സുഗമമായി വെളിവാകും. ഭൂമിയിൽ അർത്ഥവും ലക്ഷ്യവുമുള്ള ജീവിതം നയിക്കാൻ ഇത് മനുഷ്യനെ പ്രാപ്തനാക്കും. ●



# എല്ലാറ്റിനും അപ്പുറത്ത്

റൂഫസ് ജോൺസ് എന്ന മനുഷ്യന് പതിനൊന്നു വയസുള്ള മകനെ എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടു. പ്രിയമകന്റെ മരണശേഷം ആ പിതാവ് തന്റെ വേദനകൾ ഡയറിയിൽ കുറിച്ചു.

സഹിക്കാൻ വയ്യാത്ത വേദനയും പേറിക്കൊണ്ട് അദ്ദേഹം തെരുവിലൂടെ നടന്നുപോവുകയായിരുന്നു. വഴിയിൽ റോഡ് സൈഡിലുള്ള ഒരു വീടിന്റെ ഗേറ്റിന്റെ മുമ്പിൽ നിന്ന് ഒരു കൊച്ചുപെൺകുട്ടി നിലവിളിക്കുന്നത് അദ്ദേഹം കണ്ടു.

ഗേറ്റിന് പുറത്തു നിന്നാണ് അവൾ കരയുന്നത്. അവൾ പുറത്തിറങ്ങിയപ്പോൾ അറിയാതെ ഗേറ്റിന്റെ കൊളുത്തു വീണതാണ് കാരണം. അകത്തു കയറാൻ ശ്രമിച്ചിട്ട് കഴിയാതെ പുറമേ നിന്ന് നിലവിളിക്കുകയാണ് പാവം. അവസാനം സർവശക്തിയുമെടുത്ത് അവൾ അയ്യോ എന്ന് അലറി.

ഇതുകേട്ട് കുട്ടിയുടെ അമ്മ ഓടിവന്ന് ഗേറ്റ് തുറന്നു. അമ്മ മകളെ കോരിയെടുത്ത് അവളുടെ കണ്ണുനീർ തുടച്ച് കവിളിൽ ഉമ്മ വെച്ചു. അവർ കുട്ടിയോടു ചോദിച്ചു:

'മോൾക്ക് അറിയാൻ പാടില്ലായിരുന്നോ അമ്മ ഓടി വരുമെന്ന്, ഇത്രയധികം കരയേണ്ട ആവശ്യമുണ്ടായിരുന്നോ?

ഇതു കണ്ട മാത്രയിൽ റൂഫസ് ജോണിന്റെ ചിന്താഗതിക്ക് മാറ്റം വന്നു. താൻ നിൽക്കുന്നതും ഈ കുഞ്ഞു നിന്നതുപോലെ അടഞ്ഞ ഗേറ്റിന് മുമ്പിലാണെന്നും ഇതിന് അപ്പുറത്ത് ദൈവസ്നേഹം ഉണ്ടെന്നും അയാൾക്ക് മനസിലായി. സ്വന്തം മാതാവിനെക്കാൾ കരുതലുള്ള ദൈവത്തെ അദ്ദേഹം ഓർത്തു. തന്റെ വേദനയും തകർച്ചയും നഷ്ടവും എല്ലാം ദൈവം അറിയുന്നു എന്ന ചിന്ത അദ്ദേഹത്തിന്റെ ഹൃദയത്തിന് ആശ്വാസവും സമാധാനവും നൽകി.

നമ്മിൽ പലരും നിസാര കാര്യത്തിനു പോലും പതറിപ്പോകുന്നവരാണ്. എന്നാൽ എല്ലാറ്റിനും അപ്പുറത്ത് നമ്മെ കാണുന്ന, നമ്മുടെ പ്രശ്നങ്ങളെ മനസിലാക്കുന്ന ദൈവസ്നേഹം ഉണ്ടെന്നുള്ളതു മറന്നുപോകരുത്. ●



## ഡയെലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺വെളുക്കാൻ തേച്ചത് പാണ്ടായി എന്നു പറഞ്ഞതുപോലെയല്ലേ ന്യൂജനറേഷൻ സഭകളുടെ സ്ഥിതി.

*മിനി കുര്യൻ, പുലിമുട്ടം, കൊറ്റമ്പള്ളി, തിരുവനന്തപുരം*

☹**പാണ്ട് അവർ ഒരു ഫാഷനാക്കി മാറ്റി.**

☺എല്ലാ സഭകളുടെയും ഉപ്പുനോക്കിയാൽ എല്ലാം ഒന്നുതന്നെ എന്നും എല്ലാം ഒന്നിക്കേണ്ടിയിരിക്കുന്നു എന്നും ഒരു മഹാൻ.

*വി.എ.തോമസുകുട്ടി, ഇഞ്ചവിള, പെരുനാട്,കൊല്ലം.*

☹**എല്ലാം ഉപ്പിലിടേണ്ട സ്ഥിതിയിലാണിപ്പോൾ.**

☺സ്ഥാനമാനങ്ങളും സമ്പത്തും കൂടുമ്പോൾ സഭാനേതാക്കൾക്ക് അഹങ്കാരവും അഹന്തയും കൂടുന്നു.

*ജയൻ പള്ളിക്കൽ, ക്ലാപ്പന, വള്ളിക്കാവ്, കൊല്ലം.*

☹**ആപത്തും രോഗവും വരുന്ന മുറയ്ക്ക് അത് താനെ മാറിക്കൊള്ളും.**

☺ മറ്റുള്ളവരുടെ രോഗങ്ങളും ദുരിതങ്ങളും ശാന്തമായി കേട്ട് പ്രാർത്ഥിച്ച് അതിന് വിടുതൽ നൽകുന്ന കൃപാവര പ്രാപ്തരെക്കുറിച്ച്.

*ജോയമ്മ ബാബു, മനീറ, താന്നിത്തോട്, പത്തനംതിട്ട.*

☹**മറ്റുള്ളവരുടെ ദുരിതങ്ങളും രോഗങ്ങളും കേൾക്കുമ്പോൾ തന്റെ പ്രശ്നങ്ങൾ എത്ര നിസ്സാരമെന്ന് കണ്ട് അവർ സ്വയം ആശ്വസിക്കുകയും വിടുതൽ പ്രാപിക്കുകയും ചെയ്യുന്നു എന്നതാണ് സത്യം.**

☺രാഷ്ട്രീയ പാർട്ടികൾ വികസനവും കരുതലും മുദ്രാവാക്യമാക്കി മാറ്റുമ്പോൾ ആത്മീയ പ്രസ്ഥാനങ്ങൾ എന്തു ചെയ്യുന്നു.

*ലിൻസി ജോസഫ്, കൈപ്പുഴ, ഇല്ലിച്ചുവട്,കോട്ടയം.*

☹**അവർ വിഴുങ്ങലും കക്കലുമായി മുന്നേറുന്നു.**

☺പൂമുഖവാതിലിൽ സ്നേഹം വിടർത്തുന്ന ഭാര്യമാർ നിലപാട് മാറ്റിയോ.

*ടൈറ്റസ് നൈനാൻ, കോളപ്ര, കുടയത്തൂർ,തൊടുപുഴ*

☹**ഇങ്ങോട്ട് കിട്ടുന്നതിനനുസരിച്ച് അപ്പപ്പോൾ വിടർത്തുന്ന സ്നേഹം എന്നതാണ് ഇപ്പോഴത്തെ അവരുടെ നിലപാട്.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew